# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഭീകരവാദ സംഘടനകൾക്കെതിരെ നടപടി

172 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഭീകരവാദ സംഘടനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അവ ഏതെല്ലാം;

(ബി) ഇവയുടെ ദേശവിരുദ്ധ പ്രവർത്തനം തടയുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) ഇവർക്ക് അനധികൃതമായി പണവും മയക്കുമരുന്നും ആയുധങ്ങളും ലഭിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ ഇത് തടയുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ട് എത്ര കാലമായിയെന്നും, ഇതേവരെ എത്ര പേരെ പിടികൂടിയെന്നും ഇവരുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കാമോ;

(ഇ) രാജ്യസുരക്ഷയ്ക്ക് ഭീഷണിയായ ഇവരുടെ സാന്നിദ്ധ്യം കണ്ടെത്തി തടയുവാനായി ഈ സർക്കാർ എത്ര തുക ചെലവാക്കി; എന്തൊക്കെ കാര്യങ്ങൾക്കായി; വിശദമാക്കാമോ;

(എഫ്) ഭീകരവാദി സംഘടനകളുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് മാവോവാദികൾ, മറ്റ് ഭീകരസംഘടനകൾ എന്നിവരിൽനിന്നും സംസ്ഥാനത്തെ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ ഏതെല്ലാം നേതാക്കൾക്ക് നിലവിൽ ഭീഷണിയുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

(എച്ച്) ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസുകൾ ഏതെല്ലാം സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തു;

(ഐ) ഭീഷണിയുള്ള രാഷ്ട്രീയ കക്ഷിനേതാക്കൾക്ക് ജീവനും സ്വത്തിനും കുടുംബത്തിനും രക്ഷ നൽകുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ജെ) ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടുകൾ പ്രകാരം എന്ത് നടപടികൾക്ക് ശുപാർശാ റിപ്പോർട്ട് ലഭിച്ചു; അതിൻപ്രകാരം ഏതെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര ശുപാർശകളിൽ ഇനി നടപടികൾ സ്വീകരിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മ പദ്ധതി</u>

173 ശ്രീ. ജോസഫ് വാഴക്കൻ
'' അൻവർ സാദത്ത്
'' കെ. ശിവദാസൻ നായർ
'' എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>കേരളത്തിലെ മാവോയിസ്റ്റ് ഭീഷണി നേരിടാൻ നടപടി</u>

174 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എതൊക്കെ പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ പ്രത്യേക പട്രോളിംഗ് സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മാവോയിസ്റ്റ് സംഘങ്ങളിൽ മലയാളി സാന്നിദ്ധ്യം വർദ്ധിച്ചുവന്നതായുള്ള റിപ്പോർട്ടുകളിൽ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാവോയിസ്റ്റുകളെ നേരിടുന്നതിനുള്ള കേന്ദ്രത്തിന്റെ പദ്ധതികളിൽ കേരളത്തെ ഉൾപ്പെടുത്തുകയോ അതുമായി ബന്ധപ്പെട്ട സർക്കാർ സഹായങ്ങൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കേരളത്തിൽ മാവോവാദികളുടെ സാന്നിദ്ധ്യം</u>

175 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാവോവാദികളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇവരെ കണ്ടെത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തേയോ സേനയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സംഘടനകൾവഴി തീവ്രവാദ പ്രവർത്തനത്തിന് പണം</u>

176 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും സംഘടനകൾ വഴി തീവ്രവാദ പ്രവർത്തനത്തിന് പണം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംഘടനകൾവഴി ഏതെല്ലാം ജില്ലകളിലാണ് പണം വന്നിട്ടുള്ളതായി കരുതുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം പേരുകളിൽ ഏതെല്ലാം നിലകളിലാണ് ഇത്തരം സംഘടനകൾ സംസ്ഥാനത്ത് പ്രവൃത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത്തരത്തിൽ പ്രവർത്തിച്ചതിന്റെ പേരിൽ ഏതെങ്കിലും സംഘടനകളെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഇന്ത്യൻ മുജാഹിദ്ദീന്റെ കേരളത്തിലെ ബന്ധങ്ങൾ</u>

177 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറസ്റ്റിലായ ഇന്ത്യൻ മുജാഹിദ്ദീൻ സ്ഥാപക നേതാവ് യാസിൻ ഭട്ട്ക്കലിന് കേരളത്തിലെ ഏതെല്ലാം സംഘടനകളുമായിട്ടാണ് ബന്ധമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചില സംഘടനകളുമായി യാസിൻ ഭട്ട്ക്കലിന് ബന്ധമുണ്ടെന്ന് അറിഞ്ഞതായി കേന്ദ്ര ആഭ്യന്തര സഹമന്ത്രി വെളിപ്പെടുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) തീവ്രവാദ സംഘടനകളിലേയ്ക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യാൻ ഭട്ട്ക്കലുമായി ബന്ധമുള്ള കേരളത്തിലെ സംഘടനകൾ പ്രവൃത്തിച്ചിട്ടുള്ളതായി എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

### വര്‍ഗ്ഗീയ സംഘര്‍ഷ സാധ്യതാ പ്രദേശങ്ങള്‍

178 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, ചിറ്റയം ഗോപകുമാര്‍
,, മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വര്‍ഗ്ഗീയ സംഘര്‍ഷ സാധ്യതാ പ്രദേശങ്ങള്‍ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ പ്രദേശങ്ങളില്‍ സര്‍ക്കാര്‍ എന്തൊക്കെ സ്ഥിരം മുന്‍കരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇത്തരം മുന്‍കരുതലുകള്‍ എടുത്തശേഷവും പ്രസ്തുത സ്ഥലങ്ങളില്‍ പ്രശ്നങ്ങള്‍ ഉടലെടുത്തതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) അത്തരം സ്ഥലങ്ങളില്‍ എന്തെങ്കിലും പ്രത്യേക സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം</u>

179 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കുന്നതിന് ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ലഹരി പദാർത്ഥങ്ങളുടെ വിൽപന നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനാസ്ഥ കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആഭ്യന്തര-വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏകോപിപ്പിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പോസ്റ്റ്മോർട്ടം</u>

180 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാലുമണിക്കൂറും പോസ്റ്റ്മോർട്ടം നടത്താനുള്ള അനുമതി നൽകിക്കൊണ്ടുള്ള മന്ത്രിസഭാ തീരുമാനം നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ;

(ബി) ആയതിനായി എന്തൊക്കെ സംവിധാനങ്ങൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കിത്തുടങ്ങിയിട്ടില്ലെങ്കിൽ ഏത്രയും പെട്ടെന്ന് നടപ്പിലാക്കാൻ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>തൊണ്ടിസാധനങ്ങൾ ലേലം ചെയ്യാൻ നടപടി</u>

181 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളും മറ്റ് തൊണ്ടിസാധനങ്ങളും നശിച്ചുപോകുകയും പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര വാഹനങ്ങളാണ് വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തെ വാഹനഗതാഗതം തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഗണിച്ച് വാഹനങ്ങളും അസംസ്കൃത വസ്തുക്കളും നശിച്ചുപോകാതെ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>ശൈശവ വിവാഹങ്ങൾ</u>

182 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടന്ന ശൈശവവിവാഹങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി</u>

183 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ തടയുവാനും ഗുണ്ടകളെ അമർച്ച ചെയ്യാനും ഇതുവരെ സാധിച്ചിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തൊക്കെ നടപടിയാണ് ഗുണ്ടകളെ അമർച്ച ചെയ്യാൻ സ്വീകരിച്ചിട്ടുള്ളത്;

(സി) ഇനി എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കാണാതാകുന്ന പെൺകുട്ടികൾ</u>

184 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുനിന്നും 2012-13-ലും 2013-14-ൽ നാളിതുവരെയും കാണാതായ പെൺകുട്ടികൾ എത്രയെന്നു വ്യക്തമാക്കുമോ; ആയതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സമരം ചെയ്യാനുള്ള പൗരന്റെ അവകാശം</u>

185 ശ്രീ. എസ്. ശർമ്മ
,, സാജു പോൾ
,, കെ. വി. അബ്ദുൾ ഖാദർ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമരം ചെയ്യാനുള്ള പൗരന്റെ അവകാശം നിഷേധിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസിലെ ക്രിമിനലുകളെ സമരത്തിലേർപ്പെട്ടവർക്കു നേരെ രാഷ്ട്രീയ നേട്ടത്തിനായി ഉപയോഗിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിശോധിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജനകീയ സമരങ്ങളോടുള്ള പോലീസിന്റെ സമീപനം

186 ശ്രീ. വി. ശിവൻകുട്ടി
,, ആർ. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയ സമരങ്ങളിൽ ഏർപ്പെടുന്നവരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസുകാർ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രതിഷേധങ്ങളെ അടിച്ചമർത്താൻ പോലീസിന് സർക്കാർ അനുവാദം നല്കിയിട്ടുണ്ടോ ;

(ബി) ജനനേന്ദ്രിയത്തിൽ പിടിച്ചും ലാത്തികൊണ്ട് ഇടിച്ചും ബൂട്ടിട്ട കാലുകൊണ്ട് തൊഴിച്ചുള്ള പ്രാകൃത രൂപത്തിലുള്ള പോലീസിന്റെ പ്രയോഗങ്ങൾ സർക്കാർ അറിവോടുകൂടിയാണോ ;

(സി) ജനകീയ സമരത്തിലേർപ്പെട്ടവരോട് ഇത്തരത്തിൽ ക്രൂരവും നിയമവിരുദ്ധവുമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്തായിരിക്കും ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>വ്യാജ എസ്.എം.എസ്, ഇ–മെയിൽ തട്ടിപ്പ്</u>

187 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ എസ്.എം.എസ്, ഇ–മെയിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത കേസുകൾ ജില്ലാതലത്തിൽ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയാൻ സ്വീകരിച്ച നടപടികൾ എന്താണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

**ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം രജിസ്റ്റര്‍ ചെയ്ത കേസുകള്‍**

188 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ പോലീസ് രജിസ്റ്റര്‍ ചെയ്ത കേസ്സുകള്‍ എത്ര;

(ബി) പ്രസ്തുത നിയമപ്രകാരം രജിസ്റ്റര്‍ ചെയ്യപ്പെട്ട മൊത്തം കേസ്സുകളില്‍ ഇപ്പോഴും കുറ്റപത്രം കോടതിയില്‍ നല്‍കാത്ത കേസുകള്‍ എത്ര;

(സി) മൊത്തം കേസുകളില്‍ അന്വേഷണം പൂര്‍ത്തിയാക്കാത്തവ എത്ര;രണ്ടുവര്‍ഷവും ഒരു വര്‍ഷവും പിന്നിട്ട കേസുകള്‍ എത്ര;

(ഡി) പെന്‍ഡിംഗിലുള്ള മൊത്തം കേസ്സുകളില്‍ അറസ്റ്റ് ചെയ്യപ്പെടാനുള്ളവര്‍ എത്ര;

(ഇ) ഇതില്‍ സ്ത്രീകള്‍ക്കും കുട്ടികള്‍ക്കും നേരെ നടന്ന അതിക്രമങ്ങള്‍ എത്ര; കൊലപാതക കേസ്സുകള്‍ എത്ര; സ്ത്രീ പീഡന കേസ്സുകള്‍ എത്ര; ബലാല്‍സംഗക്കേസുകള്‍ എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ- സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ

189 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ;

(സി) ഇതിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ</u>

190 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗക്കാർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പട്ടികജാതി വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന അതിക്രമങ്ങൾ എത്രയാണ്; കൊലപാതക കേസ്സുകൾ എത്രയാണ്; സ്ത്രീ പീഡനക്കേസ്സുകൾ എത്രയാണ്; ബലാത്സംഗക്കേസ്സുകൾ എത്രയാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

191 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, ടി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ആരെയെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വനിതാ ട്രാഫിക് വാർഡന് നേരെയുള്ള അതിക്രമം

192 ശ്രീ. സാജുപോൾ
,, എ.എം. ആരിഫ്
,, കെ.വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് വാർഡനും ദളിത് യുവതിയുമായ ശ്രീമതി പത്മിനി ഡ്യൂട്ടിയ്ക്കിടയിൽ പരസ്യമായി അപമാനിക്കപ്പെട്ട സംഭവത്തെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദ മാക്കാമോ;

(ബി) സ്ത്രീകൾക്ക് നേരെ നടക്കുന്ന ലൈംഗിക പീഡനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വേളയിൽ യൂണിഫോമിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ട ഒരു പെൺകുട്ടി ആക്രമിക്കപ്പെട്ട സംഭവത്തിൽ ഉടൻ മാതൃകാപരമായ നടപടി സ്വീകരിക്കാൻ തയ്യാറാകാതിരുന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്;

(സി) പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ; സംഭവം നടന്നതെന്നായിരുന്നു;

(ഡി) പെൺകുട്ടിയുടെ പരാതി കിട്ടിയ ഉടൻ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം;

(ഇ) പ്രതിയെ രക്ഷപ്പെടുത്താൻ ഉന്നതതലങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സ്ത്രീ സൗഹൃദ ഓട്ടോകൾ</u>

193 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ഓട്ടോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ നഗരങ്ങളെ സ്ത്രീ സൗഹൃദമാക്കുവാനും സ്ത്രീകളുടെ യാത്രാസുരക്ഷയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി</u>

194 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കാനും ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്കും ഹയർ സെക്കൻണ്ടറി, വൊക്കേഷണൽ ഹയർ സെക്കൻണ്ടറി എന്നീ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ബാലവേലയ്ക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്നത് തടയാൻ നടപടി

195 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവന്ന് ബാലവേല ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പോലീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ്</u>

196 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമസിച്ചുവരുന്ന അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിനും തിരിച്ചറിയൽ രേഖകൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ജോലി ചെയ്തു വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ആഭ്യന്തര വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍ ഉള്‍പ്പെട്ട ക്രിമിനല്‍ കേസുകള്‍</u>

197 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം അന്യസംസ്ഥാന തൊഴിലാളികള്‍ ഉള്‍പ്പെട്ട എത്ര ക്രിമിനല്‍ കേസുകള്‍ സംസ്ഥാനത്ത് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ഇതില്‍ എത്ര പ്രതികളെ ഏതെല്ലാം കേസുകളില്‍ പിടികിട്ടാനുണ്ടെന്ന് വിശദമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികള്‍ ഉള്‍പ്പെട്ട ക്രമിനല്‍ കേസുകള്‍ നിയന്ത്രിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര സുരക്ഷാ അന്വേഷണ സംഘങ്ങളുടെ യൂണീറ്റുകൾ</u>

198 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര സുരക്ഷാ അന്വേഷണ സംഘങ്ങളുടെ എത്ര യൂണീറ്റുകൾ ഉണ്ട്; ഓരോ യൂണിറ്റും അന്വേഷിച്ചു വരുന്ന കേസുകളുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) ഐ.എസ്.ഐ.ടി യൂണിറ്റുകൾ സംസ്ഥാനത്ത് അന്വേഷിച്ചുവരുന്ന തീവ്രവാദ കേസുകൾ എത്രയാണെന്നും അന്വേഷണം പൂർത്തിയാക്കിയവ എത്രയാണെന്നും അന്വേഷണങ്ങളുടെ ഭാഗമായി ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രതികൾ എത്രയാണെന്നും വിശദമാക്കാമോ;

(സി) സംസ്ഥാന ആഭ്യന്തര വകുപ്പ് ഐ.എസ്.ഐ.ടി യ്ക്ക് കൈമാറിയ കേസുകൾ എത്ര; അതിൽ ഏറ്റെടുത്ത് അന്വേഷണം ആരംഭിച്ചിട്ടില്ലാത്തവ എത്ര;

(ഡി) സംസ്ഥാനത്തെ മൂന്ന് ഐ.എസ്.ഐ.ടി. യൂണീറ്റുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ട്; അധികമായി ആവശ്യപ്പെട്ട തസ്തികകൾ ഏതെല്ലാം; എത്ര വീതം; അനുവദിച്ചുകിട്ടിയവ എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>കേരള സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ തടയല്‍ നിയമം</u>

199 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. റ്റി. വി. രാജേഷ്
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ തടയല്‍ നിയമം രാഷ്ട്രീയ പ്രതിയോഗികളെ നേരിടുന്നതിനും വിയോജിപ്പുള്ളവരെ കരുതല്‍ തടങ്കലില്‍ പാര്‍പ്പിക്കുന്നതിനും ഉപയോഗിക്കുന്നത് അവസാനിപ്പിക്കുമോ; ഭരണത്തിനെതിരെ ഉയരുന്ന ശബ്ദത്തെ അടിച്ചമര്‍ത്താന്‍ പ്രസ്തുത നിയമം ലക്ഷ്യമിടുന്നുണ്ടോ;

(ബി) പ്രസ്തുത നിയമത്തിന്റെ ക്ലിപ്ത നിബന്ധനകള്‍ ദുര്‍വ്യാഖ്യാനിച്ചും വ്യാജ നിര്‍മ്മിതമായ സാക്ഷിമൊഴികളാല്‍ കെട്ടിച്ചമച്ച കേസ്സുകളില്‍ കുടുക്കിയും ജയിലിനകത്തും നാടുകടത്തപ്പെട്ടും കഴിയുന്ന നിരപരാധികളായ വിദ്യാര്‍ത്ഥി/യുവജനങ്ങള്‍ ഉള്‍പ്പെടെയുള്ള പൊതു പ്രവര്‍ത്തകരെക്കുറിച്ച് സര്‍ക്കാരിനറിയാമോ;

(സി) രാഷ്ട്രീയപാര്‍ട്ടികള്‍ സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലും പ്രതിഷേധത്തിലും പങ്കെടുത്തതിന്റെ പേരില്‍ കുറ്റം ആരോപിക്കപ്പെട്ട നിരപരാധികളായ എല്ലാവരെയും കരുതല്‍ തടങ്കലില്‍നിന്നും നാടുകടത്തില്‍നിന്നു ഉടന്‍ മോചിപ്പിക്കുമോ; ഇക്കാര്യത്തില്‍ നിയമസഭയില്‍ മന്ത്രി നല്‍കിയ ഉറപ്പ് എന്തായിരുന്നു; അവ നടപ്പിലാക്കുകയുണ്ടായോ;

(ഡി) പ്രസ്തുത നിയമപ്രകാരം കരുതല്‍ തടങ്കലില്‍ പാര്‍പ്പിക്കുകയോ നാടുകടത്തുകയോ ചെയ്യപ്പെട്ടവര്‍ എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ജനങ്ങളുടെ ജീവനും സ്വത്തിനും പോലീസ് സംരക്ഷണം

200 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര പേരുടെ ജീവനും സ്വത്തിനും പോലീസ് സംരക്ഷണം നൽകുന്നുണ്ട്;

(ബി) ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ യഥാസമയം പോലീസ് നടപടികൾ സ്വീകരിക്കാത്തതുകൊണ്ട്, പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ കേരള ഹൈക്കോടതിയിൽ വർദ്ധിച്ചു വരുന്നു എന്നുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പോലീസിനുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ</u>

201 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ജൂലായ് മാസം 1 മുതൽ 2011 ജൂൺ മാസം 30 വരെ ഓരോ വർഷവും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകൾ, കൊലപാതക ശ്രമങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ, ബലാൽസംഗ കേസുകൾ, ലൈംഗിക അതിക്രമ കേസുകൾ, മോഷണങ്ങൾ, തട്ടികൊണ്ടുപോകൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) 2011 ജൂലായ് 1 മുതൽ 2013 നവംബർ 30 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകൾ, കൊലപാതക ശ്രമങ്ങൾ രജിസ്റ്റർ ചെയ്തത്, ബലാൽസംഗകേസുകൾ, ലൈംഗിക അതിക്രമ കേസുകൾ, മോഷണങ്ങൾ, തട്ടികൊണ്ടുപോകൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ നല്കാമോ;

(സി) കുറ്റകൃത്യങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർധന ക്രമസമാധാനം തകർന്നതിന്റെ സൂചനയാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) എങ്കിൽ ക്രമസമാധാനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആത്മഹത്യകളുടെ കണക്ക് വിവരം</u>

202 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2012 ജനുവരി 1 മുതൽ 2012 ഡിസംബർ 31 വരെയും 2013 ജനുവരി 1 മുതൽ 2013 ഡിസംബർ 22 വരെയും എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ആയതിൽ പുരുഷൻമാരുടെയും സ്ത്രീകളുടെയും എണ്ണം ജില്ല തിരിച്ച് വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ</u>

203 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ 2013 ഡിസംബർ 25 വരെ സംസ്ഥാനത്ത് എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയതിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകൾ പൊതുവായി ഏതൊക്കെ കുറ്റകൃത്യങ്ങളുടെ പേരിലാണെന്നും ഓരോ വിഭാഗത്തിലും എത്ര കേസുകൾ വീതമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കുറ്റകൃത്യങ്ങളിലെ പ്രതികൾ സംഭവസമയം മദ്യപിച്ചിരുന്നോ എന്നകാര്യം എത്ര കേസുകളിൽ അന്വേഷിച്ചിട്ടുണ്ട് ; എത്ര കേസുകളിൽ പ്രതികൾ കുറ്റകൃത്യം നടത്തുന്ന സമയത്ത് മദ്യപിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>നിയമസഭാ സാമാജികർക്കെതിരായ കേസ്സുകൾ</u>

204 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നിയമസഭാ സാമാജികന്മാരായ ആർക്കെല്ലാം എതിരെ പോലീസ് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ഈ കേസ്സുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(സി) ഏതെങ്കിലും എം.എൽ.എ.യുടെ പേരിലുണ്ടായിരുന്ന ഏതെങ്കിലും കേസ് പിൻവലിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കേസ്സുകൾ, ആർക്കെല്ലാം എതിരെയുണ്ടായിരുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

2013-ലെ രാഷ്ട്രീയ കൊലപാതകങ്ങൾ

205 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഓരോ കൊലപാതകത്തിലും മരിച്ചവരുടെയും, കൊലപാതകങ്ങൾ നടത്തിയവരുടെയും രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ ;

(സി) ഇവയിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി ചാർജ്ജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

2013-ലെ രാഷ്ട്രീയ കൊലപാതകങ്ങൾ

206 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര; കൊല്ലപ്പെട്ടവരുടെ കണക്ക് രാഷ്ട്രീയാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) കൊലപാതകത്തിനുത്തരവാദികളായ രാഷ്ട്രീയ പാർട്ടികളുടെ കണക്ക് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വർഷം എത്ര സ്ത്രീകളാണ് കൊല്ലപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ ഏതെങ്കിലും സംഭവം ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ അമിതവേഗവും അനധികൃത പിഴ ഈടാക്കലും</u>

207 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈവേകളിലും എം.സി. റോഡിലും അമിത വേഗത്തിൽ ഓടുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനുള്ള ക്യാമറ ഘടിപ്പിച്ച എത്ര വാഹനങ്ങളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) കെ.എൽ.01 ബി.സി 3942 എന്ന പോലീസ് വാഹനം പിഴ ഇനത്തിൽ 2013 ഡിസംബർ 1 മുതൽ 10 വരെ ശേഖരിച്ച പിഴ എത്രയെന്നും ഓരോ തീയതിയിലും ലഭിച്ച തുക സംബന്ധിച്ച കണക്കുകളും വ്യക്തമാക്കാമോ;

(സി) വാഹന ഉടമകളിൽ നിന്ന് അനധികൃതമായി രസീത് നൽകാതെ തുക ഈടാക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അനധികൃത മണൽ കടത്തിനു പിടികൂടിയ വാഹനങ്ങൾ</u>

208 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമണൽകടത്തുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പിടികൂടിയ വാഹനങ്ങളിൽ എത്രയെണ്ണം ഇപ്പോൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുണ്ട്; എന്നുമുതലുള്ള വാഹനങ്ങൾ ഇതിൽ ഉൾപ്പെടുമെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരം വാഹനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഏതു ജില്ലയിലെ ഏതു പോലീസ് സ്റ്റേഷനിലാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ ഈ വിധത്തിൽ പിടിച്ചിട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുൻ മുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിക്കൽ</u>

209 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>നിരവധി വാറണ്ടുകൾ നിലവിലുള്ള തട്ടിപ്പുകേസ്സിലെ പ്രതിയുടെ അറസ്റ്റ്</u>

210 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരവധി വാറണ്ടുകൾ നിലവിലുള്ള തട്ടിപ്പുകേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നില്ലെന്ന് കാണിച്ച് മുഖ്യമന്ത്രിക്ക് നൽകിയ പരാതി 11.01.2012-ൽ 1229/12/സി.എം എന്ന നമ്പരിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ അതിലെ നിർദ്ദേശപ്രകാരം ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) പ്രതിയുടെ ഒളിയിടം കണ്ടെത്തുന്നതിനും, അറസ്റ്റു ചെയ്യാൻ വാറണ്ടു ലഭിച്ചശേഷം എന്തൊക്കെ അന്വേഷണ നടപടികൾ സ്വീകരിച്ചു എന്നതിന്റെയും വിശദവിവരം നൽകാമോ;

(സി) ഇനിയും തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ ഈ പ്രതിയെ എത്രയും പെട്ടെന്ന് അറസ്റ്റുചെയ്ത് നിയമ നടപടികൾ പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കെ. ടി. ജയകൃഷ്ണൻ കേസ് പുനരന്വേഷണം

211 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ ക്രൈംകേസ്സുകളെ ഉപയോഗിക്കുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ. ടി. ജയകൃഷ്ണൻ കേസ് വീണ്ടും ക്രൈംബ്രാഞ്ച് അന്വേഷിക്കുകയുണ്ടായോ ; പുതിയ എന്തെങ്കിലും തെളിവ് കണ്ടെത്തുകയുണ്ടായോ ;

(സി) ടി. കെ. രജീഷ് എന്നയാളുടേതായി പോലീസ് തയ്യാറാക്കിയ കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ ജയകൃഷ്ണൻ കേസ് സി.ബി.ഐ.യ്ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) രജീഷിന്റേതായി പോലീസ് പറയുന്ന കുറ്റസമ്മതമൊഴി അയാൾ കോടതിയിൽ സത്യവാങ്മൂലത്തിലൂടെ നിഷേധിക്കുകയുണ്ടായിട്ടുണ്ടോ ; ട്രയൽ കോടതിയിൽ നിഷേധിക്കപ്പെട്ട കുറ്റസമ്മതമൊഴിയുടെ ബലത്തിൽ സി.ബി.ഐ. അന്വേഷണം നടത്താനുള്ള തീരുമാനം നിയമപരമായി നിലനില്ക്കുന്നതാണോ ; രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ അവസരം ഉണ്ടാക്കാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങൾ സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേസ് സി.ബി.ഐ.യ്ക്ക് വിടാനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് കേന്ദ്ര ആഭ്യന്തരപേഴ്സണൽ മന്ത്രാലയത്തിൽനിന്നും സംസ്ഥാന ആഭ്യന്തര വകുപ്പിന് ലഭിച്ച മറുപടി വിശദമാക്കാമോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ശ്രീ. സലിം രാജിനെതിരായ ഭൂമി തട്ടിപ്പ് കേസിൽ സർക്കാരിന്റെ അപ്പീൽ

212 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലിം രാജിനെതിരായ ഭൂമി തട്ടിപ്പ് കേസിൽ സലിം രാജ് ഉൾപ്പെടെയുള്ളവരുടെ ഫോൺ വിശദാംശങ്ങൾ പിടിച്ചെടുക്കാൻ കേരള ഹൈക്കോടതിയുടെ സിങ്കിൾ ബെഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവോ; വിധി പകർപ്പിന്റെ കോപ്പി സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഇതിനെതിരെ കോടതിയിൽ സലിം രാജിന് വേണ്ടി നല്കിയ അപ്പീൽ പെറ്റീഷനിലെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇത് സംബന്ധമായി സർക്കാർ അഡ്വക്കേറ്റ് ജനറലിന് നല്കിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) പ്രസ്തുത കേസിൽ അഡ്വക്കേറ്റ് ജനറൽ ഹാജരാവുകയുണ്ടായോ; പ്രസ്തുത കേസിൽ സർക്കാരിന്റെ പൊതുതാല്പര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

യുവതിയേയും യുവാവിനേയും പിൻതുടർന്ന് ശല്യപ്പെടുത്തിയവർക്കെതിരെ നടപടി

213 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവതിയേയും യുവാവിനേയും പിൻതുടർന്ന് ശല്ല്യപ്പെടുത്തിയതിന് കോഴിക്കോട് ജില്ലയിലെ തടമ്പാട്ട് താഴത്ത് നാട്ടുകാർ തടഞ്ഞ് വെച്ച് പോലീസിൽ ഏൽപ്പിക്കപ്പെട്ടവർ ആരൊക്കെയായിരുന്നു;

(ബി) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീംരാജിനോടൊപ്പം ക്വട്ടേഷൻ സംഘത്തിലുണ്ടായിരുന്നവരെയും സംഘം ഉപയോഗിച്ച വാഹനവും പോലീസ് കസ്റ്റഡിയിൽ എടുക്കുകയുണ്ടായോ;

(സി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സെടുക്കുകയുണ്ടായി; അന്വേഷണം നടത്തുന്ന പോലീസ് ഓഫീസർമാർ ആരൊക്കെയാണ്; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർടിയുടെ ഏതെല്ലാം ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ശ്രീ. എം.കെ. കുരുവിളയുടെ പരാതിയിൻമേലുള്ള ഹൈക്കോടതി പരാമർശം</u>

214 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂരിലെ വ്യവസായി ശ്രീ. എം.കെ. കുരുവിളയുടെ പരാതിയിൽ മുഖ്യമന്ത്രിക്കെതിരെ അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ എന്ന കേരള ഹൈക്കോടതിയുടെ ചോദ്യത്തിന് ഹൈക്കോടതിയിൽ നൽകിയിരുന്ന മറുപടി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധമായി നൽകപ്പെട്ട സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രവേശന തട്ടിപ്പ് കേസ്

215 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പ്രവേശനം വാഗ്ദാനം ചെയ്ത് കോടികൾ തട്ടിയ ശ്രീമതി. കവിത ജി. പിള്ളക്കെതിരെ സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; ഇതിനകം രജിസ്റ്റർ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ എത്ര തുകയുടെ തട്ടിപ്പ് നടത്തിയിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്;

(സി) ശ്രീമതി കവിത ജി. പിള്ളയ്ക്കും കൂട്ടാളികൾക്കും എതിരെ ഏതെല്ലാം വ്യക്തികളിൽനിന്ന് പരാതി ലഭിക്കുകയുണ്ടായിട്ടുണ്ട്. ഉന്നതതലത്തിലുള്ള ആരുടെയെല്ലാം പേരുകളാണ് തട്ടിപ്പിനായി ശ്രീമതി കവിത ജി. പിള്ള ഉപയോഗപ്പെടുത്തിയിട്ടുള്ളത്; മുഖ്യമന്ത്രിയുടെ ഓഫീസുമായോ മുഖ്യമന്ത്രിയുമായോ ശ്രീമതി കവിത ജി. പിള്ള ബന്ധപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) ഉന്നതബന്ധങ്ങൾ സംബന്ധിച്ച് ശ്രീമതി കവിത ജി. പിള്ള എന്തെങ്കിലും വെളിപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

**ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നേതാക്കളുടെ കൊലപാതകങ്ങൾ**

216 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏതെല്ലാം നേതാക്കൾ, കോൺഗ്രസ്സിന്റെ വിവിധ ഗ്രൂപ്പുകളുമായി ബന്ധമുള്ളതായി പറയപ്പെടുന്ന ക്രിമിനലുകളാൽ കൊല്ലപ്പെടുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കൊല്ലപ്പെട്ട കോൺഗ്രസ്സ് നേതാക്കളുടെയും കൊലപാതക കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട കോൺഗ്രസ്സുകാരായ പ്രതികളുടെയും പേര് വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) കൊലപാതകങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതൊക്കെ; കേസന്വേഷണം ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് അന്വേഷിക്കുകയുണ്ടായി;

(ഡി) ഓരോ കേസുമായും ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര; അവർ ആരൊക്കെ;

(ഇ) കൊലചെയ്യപ്പെട്ട ആരുടെയെല്ലാം വീടുകളിൽ ഏതെല്ലാം മന്ത്രിമാർ ഇതിനകം സന്ദർശനം നടത്തുകയുണ്ടായി?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സൈബർ സെല്ലിനെ ഉപയോഗിച്ച് മൊബൈൽ ഫോൺ ലൊക്കേഷനുകളും ഫോൺ വിവരങ്ങളും ചോർത്തൽ</u>

217 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സൈബർ സെല്ലിനെ ഉപയോഗിച്ച് മൊബൈൽ ഫോൺ ലൊക്കേഷനുകളും ഫോൺ വിവരങ്ങളും ചോർത്തിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് രാഷ്ട്രീയ നേതാക്കളുടെ ഫോൺ വിവരങ്ങൾ ചോർത്തുന്നതിന് നിയമവിരുദ്ധമായി വിനിയോഗിക്കപ്പെടുന്നതായി അറിയാമോ; തങ്ങളുടെ ഫോൺ ചോർത്തുന്നു എന്നു പരാതിപ്പെട്ട രാഷ്ട്രീയ-സാമുദായിക നേതാക്കൾ ആരൊക്കെയായിരുന്നു; എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന വ്യക്തി ഈ സംവിധാനം ദുർവിനിയോഗം ചെയ്തു എന്ന കാര്യം അന്വേഷണത്തിൽ തെളിഞ്ഞിരുന്നുവോ; മറ്റ് ഏതെല്ലാം ഫോൺ വിവരങ്ങൾ ചോർത്തപ്പെട്ടതായി കണ്ടെത്തുകയുണ്ടായി; വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>നിയമപ്രകാരം ഫോൺ ചോർത്തുന്നതിനുള്ള അധികാരം</u>

218 ശ്രീ. എളമരം കരീം
,, എസ്. ശർമ്മ
,, ബാബു എം. പാലിശ്ശേരി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോൺ ചോർത്തുന്നതിനുള്ള അധികാരം പ്രാബല്യത്തിലുള്ള ഏതെല്ലാം നിയമപ്രകാരം ഏതെല്ലാം ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട് സുരക്ഷാ ഏജൻസികൾ നിയമവിധേയമായി ചെയ്യുന്നതല്ലാതെ, 1988 ലെ ടെലഗ്രാഫ് നിയമമുൾപ്പെടെ മറ്റേതെല്ലാം നിയമപ്രകാരം മറ്റാർക്കെല്ലാം ഫോൺ ചോർത്താൻ അധികാരമുണ്ട്;

(സി) രാജ്യസുരക്ഷയുമായി ബന്ധപ്പെട്ടതല്ലാതെ ഏതെല്ലാം നിലയിലുള്ള കാര്യങ്ങൾക്ക് സംസ്ഥാനത്ത് മൊബൈൽ കമ്പനികളുടെ നോഡൽ ഓഫീസർമാരുമായി ബന്ധപ്പെട്ടും അല്ലാതെയും ഫോൺവിളിയുടെ രേഖകളും ഫോൺ നമ്പരുകളും ശേഖരിക്കപ്പെട്ടിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ ഇന്റലിജൻസ് വിഭാഗം ഏതെങ്കിലും ഘട്ടത്തിൽ സംസ്ഥാനത്തെ ആരുടെയെങ്കിലും ഫോൺ ചോർത്തിയിട്ടുണ്ടോ; എങ്കിൽ, ആരുടെയെല്ലാം; എത്ര തവണ; ഇതിൽ ജനപ്രതിനിധികളും അംഗീകൃത രാഷ്ട്രീയ പാർട്ടി നേതാക്കളും ഉണ്ടെങ്കിൽ ആരൊക്കെ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഫോൺവിളി തെളിവായി സ്വീകരിച്ച കേസുകൾ</u>

219 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതു വരെ ഫോൺവിളി തെളിവായി സ്വീകരിച്ചുകൊണ്ട് ഏതെങ്കിലും കേസുകളിൽ ആരെയെങ്കിലും പ്രതിയാക്കിയിട്ടുണ്ടോ;

(ബി) ഫോൺവിളി അടിസ്ഥാനമാക്കി പ്രതിയാക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കോടതികളിൽ കുറ്റപത്രം ഫയൽ ചെയ്യപ്പെട്ട എത്ര കേസുകൾ ഇപ്രകാരമുണ്ട്; കേസുകളുടെയും, പ്രതികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഹെൽമറ്റ് പരിശോധനമൂലമുള്ള അപകടങ്ങൾ</u>

220 ശ്രീ. എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് നിർബന്ധമാക്കിയതിനെ തുടർന്ന് വിവിധ വകുപ്പുകളുടെ ഹെൽമറ്റ് പരിശോധനയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ച് അപകടത്തിൽപ്പെട്ട് എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; പരുക്ക് പറ്റിയവരെത്ര;

(ബി) ആരോഗ്യകാരണങ്ങളാൽ ഹെൽമറ്റ് ധരിക്കാൻ കഴിയാത്തവർ ഹെൽമറ്റ് ധരിക്കാത്തതിന് പിഴ അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സ്വർണ്ണക്കള്ളക്കടത്തുകാർക്ക് ഉദ്യോഗസ്ഥരുടെ സഹായം</u>

221 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കള്ളക്കടത്തുകാർക്ക് എമിഗ്രേഷൻ, പോലീസ്, കസ്റ്റംസ് ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ ഒത്താശ ലഭിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടവർ കള്ളക്കടത്ത് സംഘക്കാരുടെ താത്പര്യാർത്ഥം അനുയോജ്യമായ സ്ഥലങ്ങളിൽ നിയമനം തരപ്പെടുത്തിയിട്ടുള്ളവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എയർപോർട്ടുകളിലും മറ്റും കള്ളക്കടത്തിന് സൗകര്യം ചെയ്തു കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരെ നിരീക്ഷിച്ചിട്ടുണ്ടോ ; എത്രപേരെ കണ്ടെത്തി ശിക്ഷാ നടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട് ;

(ഡി) കള്ളക്കടത്തുകാരെ സഹായിക്കാൻ സാധ്യമാകുന്ന സ്ഥലങ്ങളിലേക്ക് സമ്മർദ്ദത്തിലൂടെ സ്ഥലംമാറ്റം വാങ്ങിയവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>വിമാനത്താവളങ്ങൾ വഴിയുള്ള സ്വർണ്ണക്കടത്ത്</u>

222 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിമാനത്താവളങ്ങൾ വഴി അനധികൃതമായി സ്വർണ്ണം കടത്തിയതുമായി ബന്ധപ്പെട്ട് എത്ര പേരെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സ്വർണ്ണക്കള്ളക്കടത്തു കേസിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാമാണെന്നും അവർക്ക് എമിഗ്രേഷൻ വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ സഹായം ലഭിക്കാറുണ്ടോയെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) വിമാനത്താവളങ്ങൾ വഴിയുള്ള സ്വർണ്ണക്കള്ളക്കടത്ത് തടയുന്നതിനും അതിന് സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരിൽ നിന്നുള്ള സഹായം തടയുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>സ്വർണ്ണക്കടത്തിനെതിരെ കേസ്</u>

223 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തേയ്ക്ക് വിവിധ മാർഗ്ഗങ്ങളിലൂടെ സ്വർണ്ണം കള്ളക്കടത്ത് നടത്തിയ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമെന്നറിയിക്കുമോ;

(ബി) സ്വർണ്ണകടത്ത് നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുക്കുകയുണ്ടായിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ എത്ര; എത്ര സ്വർണ്ണകടത്ത് സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) വിമാനം, കപ്പൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സ്വർണ്ണകടത്ത് നടത്തിയ കേസ്സുകൾ എത്രയാണ്; അല്ലാതെയുള്ളവ എത്രയാണ്;

(ഡി) സ്വർണ്ണ വ്യാപാരത്തിലേർപ്പെട്ട എത്ര പേർക്കെതിരെ സ്വർണ്ണകള്ളക്കടത്തിന്റെ ഭാഗമായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ആകെ എത്ര കിലോ സ്വർണ്ണം സംസ്ഥാനത്തേയ്ക്ക് കള്ളക്കടത്ത് നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കരിപ്പൂർ സ്വർണ്ണക്കടത്ത്

224 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ സ്വർണ്ണക്കടത്ത് കേസിൽ ഡി. ആർ.ഐ പിടികൂടിയ ശ്രീമതി. റാഹില നടത്തിയ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്റ്റേഷനുകളിൽ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; തട്ടിപ്പിനിരയായവരിൽ നിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) സ്വർണ്ണക്കടത്ത് സംഘത്തിലെ മറ്റാരെല്ലാമായി ശ്രീമതി. റാഹിലയ്ക്ക് ബന്ധമുളളതായി തെളിഞ്ഞിട്ടുണ്ട്; നെടുമ്പാശ്ശേരി സ്വർണ്ണക്കടത്ത് കേസിലെ മുഖ്യ പ്രതി ശ്രീ. ഫയസുമായി ശ്രീമതി റാഹിലയ്ക്ക് ബന്ധമുളളതായി അന്വേഷിക്കുകയുണ്ടായോ;

(സി) സ്വർണ്ണക്കടത്തിന് പിന്നിലെ റാക്കറ്റുകളിൽപ്പെട്ട ആരെയെല്ലാം ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുളളവർ എത്ര?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സ്വർണ കള്ളക്കടത്ത് പ്രതികൾക്ക് പോലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം

225 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കള്ളക്കടത്തുകാരൻ ശ്രീ. ഫയാസും ക്രൈം റിക്കാർഡ്സ് ബ്യൂറോ എസ്. പി. ശ്രീ. സുനിൽ ജേക്കബും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ എ.ഡി.ജി.പി യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവോ;

(ബി) ഇപ്രകാരം ലഭിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്നറിയിക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ശ്രീ. സുനിൽ ജേക്കബിനെ കൂടാതെ പോലീസ് ഡിപ്പാർട്ടുമെന്റിൽ മറ്റാർക്കെല്ലാം കള്ളക്കടത്തുകാരുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ശ്രീ. അബ്ദുൾ നാസർ മദനിക്കെതിരെ കേരളാ പോലീസ് ചാർജ് ചെയ്ത കേസുകൾ</u>

226 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ കേസുമായി ബന്ധപ്പെട്ട് കർണാടക പോലീസ് അറസ്റ്റ് ചെയ്ത ശേഷം ശ്രീ. അബ്ദുൾ നാസർ മദനിക്കെതിരെ ഏതെങ്കിലും കേസ് കേരളാ പോലീസ് ചാർജ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ശ്രീ. മദനിക്കെതിരെ ഉണ്ടായിരുന്ന കേരളത്തിലെ മുഴുവൻ കേസുകളും ഒരു കോടതിയിലേക്ക് മാറ്റിയിരുന്നുവോ;

(സി) പുതുതായി എടുത്ത കേസ് മറ്റു കേസുകൾ വിചാരണ ചെയ്യുന്ന കോടതിയിലേക്ക് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽ പ്രതിഷേധിച്ചുള്ള ഹർത്താലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

227 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽ പ്രതിഷേധിച്ച് 2013 നവംബർ 15ന് നടന്ന മലയോര ഹർത്താലിനിടെ താമരശ്ശേരി, അടിവാരം മേഖലകളിൽ ഉണ്ടായ സംഭവങ്ങളെ തുടർന്ന് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്;

(ബി) താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകൾ എത്ര; കേസുകളിലെല്ലാം കൂടി എത്ര പേർ പ്രതികളായിട്ടുണ്ട്; പ്രതികളിൽ ഇതിനകം അറസ്റ്റു ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്ര;

(സി) ഫോറസ്റ്റ് റെയ്ഞ്ച് ആഫീസ് കത്തിക്കാനെത്തിയ സംഘം സഞ്ചരിക്കാനുപയോഗിച്ചവ ഉൾപ്പെടെ എത്ര വാഹനങ്ങളെ പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്; അവയിൽ പിടിച്ചെടുത്തവ എത്ര; ഈ കേസിലെ പ്രതികളിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

എ. ടി. എം. കൗണ്ടറുകളിലെ സുരക്ഷാ സംവിധാനം

228 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ടി. എം. കൗണ്ടറുകളിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ബാങ്കുകൾക്ക് ആഭ്യന്തര വകുപ്പ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എ. ടി. എം. കൗണ്ടറുകളിൽ കവർച്ചയും എ. ടി. എം. -ൽ പണമെടുക്കുവാൻ വരുന്നവരെ ആക്രമിച്ച് പണാപഹരണം നടത്തുകയും ചെയ്യുന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ എല്ലാ എ. ടി. എം. കൗണ്ടറുകളിലും, സുരക്ഷാ ജീവനക്കാരെ നിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മങ്കട നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി പുന:ക്രമീകരണം</u>

229 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി പുന:ക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരസ്യ വിമർശനം</u>

230 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തര സഹമന്ത്രി സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പരസ്യമായി വിമർശിച്ചുകൊണ്ട് പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സംസ്ഥാനത്തിന്റെ ഭരണ നിർവ്വഹണത്തെക്കുറിച്ച് കേന്ദ്രമന്ത്രി പരസ്യമായി വിമർശിക്കുന്നത് ഭരണഘടനാനുസൃതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കമാന്‍ഡന്റ്-ഡെപ്യൂട്ടി കമാന്‍ഡന്റ് ഒഴിവുകളിലെ നിയമനത്തിന് നടപടി</u>

231 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസര്‍വ്വ് വിഭാഗത്തില്‍ ആകെയുള്ള രണ്ട് കമാന്‍ഡന്റ്, ആറ് ഡെപ്യൂട്ടി കമാന്‍ഡന്റ് തസ്തികകളില്‍ മൂന്ന് തസ്തികകള്‍ ഒഴിഞ്ഞുകിടക്കുന്ന കാര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കി ഒഴിവുനികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

### പേയിംഗ് ഗസ്റ്റ് സംവിധാനം

232 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേയിംഗ് ഗസ്റ്റുകളെ താമസിപ്പിക്കുന്നതിന് പോലീസ് വകുപ്പിന്റെ അനുമതി നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

**സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലെ പണം തട്ടിപ്പ് കേസന്വേഷണം**

233 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കബളിക്കപ്പെട്ടതും പണം തട്ടിപ്പ് നടത്തിയതും സംബന്ധിച്ചുള്ള കേസന്വേഷണങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) സോളാറിന്റെ പേരിൽ പണം തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്; അന്വേഷണം നടത്തി കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ടവ എത്ര; ഏതൊക്കെ;

(സി) എല്ലാ കേസുകളിലും കൂടി പ്രതികൾ ആയിട്ടുള്ളവർ ആരൊക്കെ; അന്വേഷണത്തിന്റെ ഭാഗമായി എത്രപേരെ സംസ്ഥാനത്ത് പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പണം നൽകി ഒത്തുതീർപ്പാക്കപ്പെട്ട കേസുകൾ എത്ര; ശ്രീമതി സരിത നൽകിയ പണത്തിന്റെ സ്രോതസ്സിനെക്കുറിച്ച് പോലീസ് അന്വേഷിക്കുകയുണ്ടായോ;

(ഇ) ശ്രീമതി സരിത പ്രതിയായ ഏതെല്ലാം കേസുകൾ എത്ര തുക വീതം നൽകി ഒത്തുതീർപ്പാക്കുകയുണ്ടായി; റിമാന്റിൽ കഴിയുന്ന ശ്രീമതി സരിത എവിടെയെല്ലാം വെച്ച് ഫോണിൽ സംസാരിക്കുകയുണ്ടായെന്നും എവിടെനിന്നെല്ലാം മാധ്യമങ്ങൾക്ക് അഭിമുഖം നൽകിയിട്ടുണ്ടായിരുന്നുവെന്നും വെളിപ്പെടുത്താമോ; ഇതിന്റെ പേരിൽ കേസുകൾ എടുക്കുകയുണ്ടായോ;

(എഫ്) പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തുക വഴി ഫലത്തിൽ കേസുകൾ അട്ടിമറിക്കപ്പെടുകയായിരുന്നു എന്ന ആക്ഷേപങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിലെ പ്രതിയുടെ മൊഴി</u>

234 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിലെ പ്രതി ശ്രീമതി സരിത എസ്. നായർ എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനു മുമ്പിൽ നല്കിയ മൊഴി ജഡ്ജി രേഖപ്പെടുത്തിയതായി അറിവുണ്ടോ; രേഖപ്പെടുത്തിയ മൊഴി അന്വേഷണ സംഘത്തിന് ലഭിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ബി) ജഡ്ജിക്ക് മുമ്പാകെ ടിയാൾ പറഞ്ഞ കാര്യങ്ങൾ കോടതി, പോലീസ് അന്വേഷണ സംഘത്തിന് നല്കുകയുണ്ടായോ; അതിനായി അന്വേഷണ സംഘം ആവശ്യപ്പെടുകയുണ്ടായോ; എങ്കിൽ എപ്പോൾ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>സോളാര്‍ തട്ടിപ്പുകേസില്‍ അന്വേഷണ സംഘത്തിന് ലഭിച്ച സൂചനകളും തെളിവുകളും</u>

235 ശ്രീ. കെ.കെ. ജയചന്ദ്രന്‍
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.കെ. നാരായണന്‍
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സോളാര്‍ തട്ടിപ്പുകേസില്‍ പോലീസ് അന്വേഷണസംഘത്തിന് ഇതേവരെ ലഭിച്ച സൂചനകളും തെളിവുകളും ആരെല്ലാം കുറ്റം ചെയ്തിട്ടുള്ളതായി വെളിപ്പെടുത്തുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ''എന്ത് അപമാനവും അവഹേളനവും സഹിച്ച് അധികാരത്തില്‍ തുടരുമെന്ന'' മുഖ്യമന്ത്രിയുടെ പ്രസ്താവന അന്വേഷണസംഘത്തിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ പേഴ്സണല്‍ സ്റ്റാഫ് അംഗങ്ങള്‍ക്കും ശ്രീമതി സരിതയും ശ്രീ. ബിജുവുമായിട്ടുള്ള ഏതെല്ലാം നിലയിലുള്ള ബന്ധങ്ങളാണ് പുറത്ത് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മുഖ്യമന്ത്രി കുറ്റക്കാരനാകുന്ന സാഹചര്യങ്ങള്‍ ഉണ്ടോ; എങ്കില്‍ എന്തൊക്കെയാണ്;

(ഡി) മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചും ആരോപിക്കപ്പെട്ട ഗൂഢസംഘത്തിന്റെ പ്രവര്‍ത്തനങ്ങളെക്കുറിച്ചും പുറത്തുവന്ന പരാതികളെക്കുറിച്ചും സംഘം അന്വേഷിക്കുകയുണ്ടായോ;

(ഇ) മുഖ്യമന്ത്രി തല്‍സ്ഥാനത്ത് തുടരുമ്പോള്‍ അദ്ദേഹത്തിനെതിരെ പുറത്തുവന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടരന്വേഷണം അസാധ്യമായിട്ടുണ്ടോ; ഇക്കാര്യം അന്വേഷണസംഘത്തിന്റെ തലവന്‍ സര്‍ക്കാരിനെ അറിയിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസ് അന്വേഷണം</u>

236 ശ്രീ. എ.കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസ് പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; കേസ് അട്ടിമറിക്കാൻ ആസൂത്രിത ശ്രമങ്ങൾ നടന്നതായുള്ള ഗൗരവതരമായ ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) കേസ് അട്ടിമറിക്കപ്പെടുന്നതിന്റെ ഓരോ ഘട്ടത്തിലും അത് സംബന്ധിച്ച വിവരങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ;

(സി) ആരോപണ വിധേയരായവർ ഭരണരംഗത്തെ അത്യുന്നതരായതിനാൽ കേസ് അട്ടിമറിക്കപ്പെടുമെന്ന സൂചന ലഭിച്ചപ്പോൾ സർക്കാർ സ്വീകരിച്ച മുൻകരുതൽ എന്തായിരുന്നു;

(ഡി) കേസെടുക്കാതിരിക്കൽ, മൊഴി രേഖപ്പെടുത്താതിരിക്കൽ, തെളിവുകൾ ശേഖരിക്കാതിരിക്കൽ, തെളിവുകൾ നശിപ്പിക്കൽ, ദൃശ്യങ്ങൾ പരിശോധിക്കാതിരിക്കൽ, മൊഴിമാറ്റി നൽകൽ തുടങ്ങി പോലീസ് അന്വേഷണസംഘത്തിനെതിരെ ഉയർന്നുവന്ന ആക്ഷേപത്തിൻമേൽ ഓരോ ഘട്ടത്തിലും സർക്കാർ സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

## സോളാർ തട്ടിപ്പുകേസ് അന്വേഷണം

237 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ആർ. രാജേഷ്
,, കെ. ദാസൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസ്സിലെ പ്രതികൾക്ക് സംസ്ഥാനമുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്ന വിവരം പോലീസന്വേഷണത്തിൽ വെളിപ്പെട്ടിരുന്നുവോ; എങ്കിൽ ഇക്കാര്യം മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായോ; എങ്കിൽ, എപ്പോൾ; വിവരം അറിഞ്ഞയുടൻ അവരെ മാറ്റിനിർത്താൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) തട്ടിപ്പിനിരയായ പ്രവാസി ശ്രീ. ടി. സി. മാത്യൂ മുഖ്യമന്ത്രിയെ നേരിൽക്കണ്ട് പരാതി പറയുകയുണ്ടായോ; എങ്കിൽ, എപ്പോൾ;

(സി) മുഖ്യമന്ത്രിയും ശ്രീ. മാത്യൂവും തമ്മിലുള്ള സംഭാഷണവിവരം ശ്രീമതി സരിത അറിഞ്ഞതെങ്ങനെയാണെന്ന് പോലീസ് അന്വേഷിക്കുകയുണ്ടായോ; മുഖ്യമന്ത്രിക്ക് ശ്രീ. ടി. സി. മാത്യൂ എഴുതിനൽകിയ പരാതിയിന്മേൽ മുഖ്യമന്ത്രി സ്വീകരിച്ച നടപടി എന്തായിരുന്നു; വിശദമാക്കുമോ;

(ഡി) തട്ടിപ്പിനിരയായ ശ്രീ. ശ്രീധരൻ നായർ ശ്രീമതി സരിതയോടൊപ്പവും അല്ലാതെയും എത്ര തവണ എവിടെയെല്ലാം വെച്ച് മുഖ്യമന്ത്രിയെ നേരിട്ടും സ്റ്റാഫംഗങ്ങൾ വഴിയും ബന്ധപ്പെടുകയുണ്ടായി;

(ഇ) ശ്രീ. ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ചർച്ച നടത്തുകയുണ്ടായോ; ചർച്ച നടത്തിയത് ഏതു വിഷയമായിരുന്നുവെന്ന് അന്വേഷണസംഘം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) അന്വേഷണസംഘം അന്വേഷണഘട്ടങ്ങളിൽ ലഭിച്ച വിവരങ്ങളിൽ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട സംഗതികളെക്കുറിച്ച് അദ്ദേഹത്തെ നേരിൽക്കണ്ട് ആശയവിനിമയം നടത്തുകയുണ്ടായോ എന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സോളാർ കേസ് - പ്രതിയുടെ ജാമ്യം

238 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിലെ പ്രതിയായ ശ്രീമതി സരിത എസ്. നായർക്കെതിരെ സംസ്ഥാനത്തെ കോടതികളിൽ എത്ര വഞ്ചനാ കേസുകളാണ് നിലവിലുള്ളത്;

(ബി) ഇതിൽ എത്ര കേസുകളിൽ ശ്രീമതി സരിത. എസ്. നായർക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്;

(സി) ജാമ്യം അനുവദിച്ച കേസുകളിൽ ആകെ എത്ര തുകയാണ് ശ്രീമതി സരിത. എസ്. നായർ കോടതിയിൽ കെട്ടിവച്ചത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസുകൾ</u>

239 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പ്ലാന്റ് സ്ഥാപിച്ചു നൽകാം എന്ന് വാഗ്ദാനം നൽകി പണം തട്ടിയത് സംബന്ധിച്ച് ശ്രീമതി സരിത നായർ, ശ്രീ. ബിജു രാധാകൃഷ്ണൻ എന്നിവരുടെ പേരിൽ എത്ര കേസ്സുകൾ വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകളിൽ ഓരോരുത്തർക്കും ജാമ്യം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവരിൽ ഓരോരുത്തരും ജയിലിലായിരുന്ന സമയത്ത് എത്ര കേസ്സുകൾ പണം നൽകി ഒത്തുതീർപ്പാക്കുകയുണ്ടായി; ആരുടെയൊക്കെ കേസ്സുകളാണ് ഇപ്രകാരം ഒത്തുതീർത്തതെന്നും ഇതിനായി ഇവർ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ കേസ്സുകൾ ഒത്തുതീർപ്പാക്കാൻ ഉപയോഗിച്ച പണം കേസ്സിൽ പ്രതിയായി ജയിലിലായിരുന്ന ഇവർക്ക് എപ്രകാരം ലഭിച്ചുവെന്ന് സർക്കാർ അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് അടിയന്തിര അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) ഇവരുടെ വരുമാന സ്രോതസ്സ് കണ്ടെത്താനും ഓരോരുത്തരുടെയും കൈവശമുള്ള പണവും മറ്റു വസ്തുവകകളും കണ്ടുകെട്ടാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കാമോ;

(ജി) സരിതാനായരുടെ മൊഴിമാറ്റം വഴി കോടികളുടെ പണം സമ്പാദിച്ച് കേസ്സുകൾ ഒത്തുതീർക്കുന്നു എന്ന പരാതി സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സോളാർ കേസിൽ ഉൾപ്പെട്ട തട്ടിപ്പ് തുകയുടെ വിനിയോഗവും ഒത്തുതീർപ്പും

240 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സുമായി ബന്ധപ്പെട്ട് ശ്രീമതി സരിത. എസ്. നായരും ശ്രീ. ബിജു രാധാകൃഷ്ണനും ചേർന്ന് എത്ര തുകയുടെ തട്ടിപ്പ് നടത്തിയതായിട്ടാണ് അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത്;

(ബി) ആയതിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്നും ബാക്കി തുക എങ്ങനെ സൂക്ഷിച്ചുവെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ ഇവർ എത്ര കേസ്സുകൾ പണം കൊടുത്ത് കോടതിയ്ക്ക് പുറത്ത് ഒത്തുതീർപ്പ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്കെല്ലാമായി എന്ത് തുക നൽകിയിട്ടുണ്ട്;

(ഡി) ജയിലിൽ കിടക്കുന്ന പ്രതികൾ ഇതിനുള്ള പണം എങ്ങനെ കണ്ടെത്തിയെന്ന് അന്വേഷണ സംഘം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

241 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിൽ പ്രതിയായിട്ടുള്ള ശ്രീമതി സരിത എസ്. നായർക്കെതിരായി എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ഈ കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപെട്ട ആരുടെയെങ്കിലും പേരിൽ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എത്ര പേരെയാണ് അറസ്റ്റ് ചെയ്ത് റിമാന്റിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ശ്രീ. ബിജു രാധാകൃഷ്ണന്റെ പേരിൽ എത്ര കേസുകളാണ് കോടതികളിൽ ഇപ്പോൾ നിലവിലുള്ളത്; ഏതെല്ലാം കേസുകളാണ് നിലവിൽ ചാർജ്ജ് ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>സോളാർ കേസിലെ വെളിപ്പെടുത്തലുകൾ</u>

242 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി ശ്രീ. ബിജുരാധാകൃഷ്ണൻ എറണാകുളം ഗവൺമെന്റ് അതിഥി മന്ദിരത്തിൽവച്ച് മുഖ്യമന്ത്രിയുമായി നടത്തിയ ദീർഘനേരത്തെ സംഭാഷണത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ പോലീസ് അന്വേഷണത്തിന്റെ ഭാഗമായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) സംഭാഷണഘട്ടത്തിൽ പ്രതിപാദിച്ച ഏതെങ്കിലും കാര്യത്തിൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ബിജുരാധാകൃഷ്ണന്റെ അഭിഭാഷകൻ പിന്നീട് വെളിപ്പെടുത്തിയതും, ഹൈക്കോടതി വിജിലൻസ് വിഭാഗം രജിസ്ട്രാർ നല്കിയ റിപ്പോർട്ടിലെ മജിസ്ട്രേറ്റിന്റെ വെളിപ്പെടുത്തലും മുഖ്യമന്ത്രിയുമായി ബിജുരാധാകൃഷ്ണൻ നടത്തിയ സംഭാഷണവുമായി ബന്ധമുള്ള സംഗതിയിലേക്ക് വെളിച്ചം വീശുന്നതാണോ; പുറത്തുവന്ന പ്രസ്തുത വിവരങ്ങൾ സംസ്ഥാന പോലീസ് അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിലെ പ്രതികളുടെ കസ്റ്റഡിയിലെടുത്ത ഫോണുകളുടെ പരിശോധന</u>

243 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ്സിലെ പ്രതികളായ ശ്രീമതി. സരിത എസ്. നായർ, ശ്രീ. ബിജുരാധാകൃഷ്ണൻ, ശ്രീമതി. ശാലു മേനോൻ, ശ്രീ. ഫിറോസ്, ശ്രീ. ജോപ്പൻ എന്നിവർ തട്ടിപ്പ് കാലയളവിൽ ഉപയോഗിച്ച ഫോണുകളുടെ വിശദാംശങ്ങൾ അന്വേഷണസംഘം ശേഖരിക്കുകയുണ്ടായോ;

(ബി) എങ്കിൽ, ശേഖരിക്കപ്പെട്ടവയിൽ ഏതെങ്കിലും പിന്നീട് പോലീസ് കസ്റ്റഡിയിലിരിക്കേ നഷ്ടപ്പെട്ട് പോയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(സി) തട്ടിപ്പ് സംഘം തട്ടിപ്പ് നടത്തുന്നതിനായി ഔദ്യോഗിക സ്ഥാനത്തിലിരിക്കുന്ന ആരെയെല്ലാം ഏതെല്ലാം നിലയിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ഔദ്യോഗിക സ്ഥാനത്തിലുള്ള ആരെല്ലാം ഏതെല്ലാം നിലയിൽ തട്ടിപ്പ് സംഘത്തെ സഹായിച്ചിട്ടുണ്ടെന്നും അന്വേഷണസംഘം വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി</u>

244 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിൽ സർക്കാർ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച അന്വേഷണ പുരോഗതി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര രേഖകൾ പിടിച്ചെടുത്തുവെന്നും അറിയിക്കാമോ ;

(സി) തട്ടിപ്പിനിരയായത് ഉൾപ്പെടെ ഇതു സംബന്ധിച്ച് മൊത്തം എത്ര കേസുകളിലാണ് അന്വേഷണം നടന്നുവരുന്നത് ;

(ഡി) ഫോൺ കോളുകളെ അടിസ്ഥാനമാക്കി ഏതെല്ലം വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഇ) അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ ഓരോരുത്തർക്കും ഭരണതലത്തിൽ ആരെല്ലാമായി ബന്ധം ഉണ്ടായിരുന്നതായി തെളിയുകയുണ്ടായി; ഏതെല്ലാം മന്ത്രിമാരെ അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്യുകയുണ്ടായി ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ കേസുമായി ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങൾ</u>

245 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന മന്ത്രിമാരും ഉന്നതരും ഉൾപ്പെടെയുള്ള ചിലരുമായി സോളാർ കേസിലെ പ്രതി ശ്രീമതി സരിത എസ്. നായരുടെ വീഡിയോ ദൃശ്യങ്ങൾ കണ്ടിട്ടുള്ളതായി അഡ്വ: ജേക്കബ് മാത്യു വെളിപ്പെടുത്തിയത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രമന്ത്രിസഭയിലേയും സംസ്ഥാന മന്ത്രിസഭയിലേയും അംഗങ്ങളെക്കുറിച്ച് നടത്തപ്പെട്ട പരസ്യമായ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തുകയുണ്ടായോ;

(സി) തന്റെ കൈവശമുള്ളതായി അഡ്വ: ജേക്കബ് മാത്യു വെളിപ്പെടുത്തിയ ദൃശ്യങ്ങളുടെ പകർപ്പ് പോലീസ് കണ്ടെത്തി പരിശോധിക്കുകയുണ്ടായോ;

(ഡി) മുഖ്യമന്ത്രിയുമായി എറണാകുളത്തെ അതിഥി മന്ദിരത്തിൽ ശ്രീ. ബിജുരാധാകൃഷ്ണൻ നടത്തിയതായി പറയപ്പെടുന്ന ചർച്ചയിൽ, അഡ്വ: ജേക്കബ് മാത്യുവിന്റെ വെളിപ്പെടുത്തലിലൂടെ പുറത്ത് വന്ന വിവരങ്ങൾ ഉണ്ടായിരുന്നുവോ; സോളാർ കേസ് സംബന്ധിച്ച അന്വേഷണസംഘത്തിന്റെ റിപ്പോർട്ടിൽ ഇത് സംബന്ധമായി എന്തെങ്കിലും പരാമർശങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(ഇ) മുഖ്യമന്ത്രി, അന്വേഷണസംഘത്തോട് വെളിപ്പെടുത്തിയ കാര്യങ്ങളിൽ അഡ്വ: ജേക്കബ് മാത്യുവിന്റെ വെളിപ്പെടുത്തലിലൂടെ വെളിവായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് - അന്വേഷണ സംഘത്തിനുള്ള നിർദ്ദേശങ്ങൾ</u>

246 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ് അന്വേഷണ സംഘത്തിന്, സംസ്ഥാന ഡി. ജി.പി കേസ് അന്വേഷണത്തിന് നൽകിയ ഉത്തരവ് ഉൾപ്പെടെ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം നിലയിലുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അന്വേഷണ സംഘത്തിന് ഡി. ജി. പി. രേഖാമൂലം നൽകിയ നിർദ്ദേശങ്ങളുടെ ഓരോ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) കേസുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് അല്ലാതെ മറ്റെന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായി; സാമ്പത്തിക തട്ടിപ്പ് നടത്താൻ പ്രയോജനപ്പെടുത്തിയ മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു; അതുമായി ബന്ധപ്പെട്ട് സഹകരിച്ചവരെക്കുറിച്ചുള്ള അന്വേഷണവും ചോദ്യം ചെയ്യലുകളും നടത്തിയിട്ടുണ്ടായിരുന്നുവോ;

(ഡി) അന്വേഷണ സംഘത്തിന് ലഭിച്ച പരാതികളിൽ പരാമർശിക്കപ്പെട്ട മന്ത്രിമാർ ആരൊക്കെയായിരുന്നു; അവരെയെല്ലാം സംഘം ചോദ്യം ചെയ്യുകയുണ്ടായോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ വിഷയത്തിൽ മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചതിനെതിരെ കേസ്</u>

247 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ വിഷയത്തിൽ ആരോപണ വിധേയനായ മുഖ്യമന്ത്രി രാജി വെച്ച് ജുഡീഷ്യൽ അന്വേഷണം നേരിടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചതുമായി ബന്ധപ്പെട്ട് എത്ര എൽ.ഡി.എഫ് പ്രവർത്തകർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസ്സെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ് ഒത്ത് തീർപ്പ്</u>

248 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ശ്രീമതി സരിതാ നായർക്ക് എതിരെ നിലവിലുള്ള കേസുകൾ എത്രയാണ്; അതിൽ എത്ര കേസുകളിൽ കോടതികളിൽ നിന്നും സരിത ജാമ്യം നേടുകയുണ്ടായി; ഏതെല്ലാം കോടതികളിലെ ഏതെല്ലാം കേസുകളിലാണ് ഇനി സരിത ജാമ്യം എടുക്കാൻ ബാക്കി നിൽപ്പുള്ളത്; വിശദമാക്കാമോ;

(ബി) പ്രത്യേക അന്വേഷണ സംഘം എടുത്ത കേസുകളല്ലാതെ ശ്രീമതി സരിതയുടെ പേരിൽ മറ്റേതെങ്കിലും വാറണ്ടായ കേസുകൾ ഉള്ളതായി അറിയാമോ; പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസുകളിൽ ക്രിമിനൽ ഗൂഡാലോചന ഉൾപ്പടെയുള്ള കുറ്റം ചുമത്തിയിട്ടുണ്ട്; ജാമ്യം ലഭിക്കാവുന്ന വകുപ്പുകൾ മാത്രം ശ്രീമതി സരിതയ്ക്ക് എതിരെ ചുമത്തിയാൽ മതി എന്ന നിർദ്ദേശം അന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ടായിരുന്നോ;

(സി) ശ്രീമതി സരിത, പണം നൽകി എത്ര തട്ടിപ്പ് കേസുകൾ ഒത്തുതീർപ്പാക്കിയിട്ടുണ്ട്; ഉപഭോക്തൃ കോടതിയിലെ കേസ് ഒത്തുതീർപ്പാക്കുന്നതിനുൾപ്പടെ സരിതയ്ക്ക് ലഭിച്ച പണത്തിന്റെ സ്രോതസ് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിലെ ഉന്നതരുടെ പങ്കും ശ്രീമതി സരിത എസ്, നായരുടെ മൊഴിയും</u>

249 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പു കേസിൽ ഉന്നതരുടെ പങ്കും പ്രധാന പ്രതി ശ്രീമതി സരിത എസ് നായരുമായി ഇവർക്കുള്ള ബന്ധവും വെളിപ്പെടുത്തുന്നതായ മൊഴി അട്ടിമറിക്കപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തനംതിട്ട ജില്ലാ ജയിൽ സൂപ്രണ്ട്, ശ്രീമതി സരിതയുടെ 21 പേജുള്ള കുറിപ്പ് അഭിഭാഷകൻ ഫെനി ബാലകൃഷ്ണന് നല്കിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത മൊഴി അതേപടി കോടതിയിൽ എത്തിയിട്ടുള്ളതായി അറിയാമോ;

(സി) പ്രസ്തുത സ്റ്റേറ്റ്മെന്റ് കോടതിയിൽ എത്താതിരിക്കുന്നതിനും പുറത്തറിയാതിരിക്കുന്നതിനും അട്ടിമറിക്കു ശ്രമിച്ചവരെയും അതിനായി നടന്ന ഗൂഢാലോചനയേയും സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; ഇത്തരമൊരു സ്റ്റേറ്റ്മെന്റിനെകുറിച്ച് അറിഞ്ഞ ഉടൻ അന്വേഷണസംഘം അതിനെകുറിച്ച് അന്വേഷിക്കുന്നതിന് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>സോളാർ തട്ടിപ്പ് കേസിലെ പ്രതികളുടെ മൊഴി</u>

250 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ് അന്വേഷണ സംഘം പ്രതികളായ ശ്രീമതി. സരിത, ശ്രീ. ബിജു രാധാകൃഷ്ണൻ എന്നിവരെ എത്ര തവണ ഏതെല്ലാം സ്ഥലത്ത് വെച്ച് ചോദ്യം ചെയ്യുകയുണ്ടായി; ചോദ്യം ചെയ്യൽ വേളകളിൽ ശ്രീമതി. സരിതയും ശ്രീ. ബിജു രാധാകൃഷ്ണനും വെളിപ്പെടുത്തിയ എല്ലാ കാര്യങ്ങളും അന്വേഷണസംഘം റെക്കാർഡ് ചെയ്തിട്ടുണ്ടായിരുന്നുവോ; റെക്കാർഡ് ചെയ്യാത്ത ഏതെങ്കിലും വെളിപ്പെടുത്തലുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്ത് വെച്ച് ശേഖരിച്ചവ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശ്രീമതി. സരിതയുടെ റെക്കാർഡ് ചെയ്യപ്പെട്ട വെളിപ്പെടുത്തലുകൾ എല്ലാം അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ തന്നെയുണ്ടോ; എല്ലാ വെളിപ്പെടുത്തലുകളും കേസ് ഡയറിയുടെ ഭാഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ; എന്തുകൊണ്ട്;

(സി) മുഖ്യമന്ത്രി, ആഭ്യന്തരവകുപ്പ് മന്ത്രി, കേന്ദ്ര സഹമന്ത്രി, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഇവരിൽ ആർക്കെല്ലാം എതിരെ മൊഴികൾ ഉണ്ടായിട്ടുണ്ട്; അവ കേസ് ഡയറിയുടെ ഭാഗമായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സോളാർ കേസിൽ ശ്രീ. ശ്രീധരൻ നായരുടെ
മൊഴിയെ അടിസ്ഥാനമാക്കിയുള്ള അന്വേഷണം

251 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ അഴിമതി കേസിൽ സെക്ഷൻ 164 പ്രകാരം ശ്രീ. ശ്രീധരൻനായർ നൽകിയ മൊഴിയിൽ മുഖ്യമന്ത്രിയെ പരാമർശിച്ചു എങ്കിലും ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള ജുഡീഷ്യൽ അന്വേഷണമാണ് നടന്നുവരുന്നതെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സോളാർ കേസിലെ പ്രതികൾക്കുള്ള ബന്ധങ്ങൾ</u>

252 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് അന്വേഷണ സംഘത്തിനുമുമ്പാകെ ശ്രീമതി സരിത എസ്. നായർ, കേന്ദ്ര–സംസ്ഥാന മന്ത്രിമാരുമായുള്ള തന്റെ ബന്ധങ്ങൾ സംബന്ധിച്ച് നല്കപ്പെട്ടതായ വെളിപ്പെടുത്തലുകൾ എന്തൊക്കെയായിരുന്നുവെന്നറിയിക്കുമോ ; അന്വേഷണസംഘത്തിനുവേണ്ടി അവ രേഖപ്പെടുത്തുകയുണ്ടായോ; പ്രസ്തുത വെളിപ്പെടുത്തലുകൾ സംബന്ധിച്ച തുടർ അന്വേഷണം നടത്തുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വെളിപ്പെടുത്തലിൽ മുഖ്യമന്ത്രിയേയും അദ്ദേഹത്തിന്റെ ഓഫീസിനെയും കുറിച്ച് എന്തെല്ലാം പരാമർശങ്ങൾ ഉണ്ടായിരുന്നുവെന്നും, അവയെല്ലാം അന്വേഷണസംഘം രേഖപ്പെടുത്തുകയുണ്ടായോയെന്നും വിശദമാക്കാമോ ;

(സി) എറണാകുളം അഡീ. ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ സരിത നല്കിയ മൊഴികൾ അന്വേഷണ സംഘം ശേഖരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ശ്രീ. എം. കെ. കുരുവിളയ്ക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

253 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ച ശ്രീ. എം. കെ. കുരുവിള എന്നയാൾക്കെതിരായി ആരോപണം ഉന്നയിച്ചതിനു ശേഷം പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിക്കെതിരെ ശ്രീ. എം. കെ. കുരുവിള ഉന്നയിച്ച പരാതി എന്തായിരുന്നു; എന്നായിരുന്നു സർക്കാരിന് പരാതി ലഭിച്ചത് എന്നറിയിക്കുമോ;

(സി) ഇതിനുശേഷം കുരുവിളയ്ക്കെതിരെ ഏതെല്ലാം സ്റ്റേഷനുകളിൽ എത്ര കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി എന്നറിയിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് ഉപരോധസമരം</u>

254 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ പ്രശ്നത്തിൽ 2013 ആഗസ്റ്റ് 12 മുതൽ ആരംഭിച്ച സെക്രട്ടേറിയറ്റ് ഉപരോധ സമരത്തിൽ പങ്കെടുത്തവർക്ക് പൊതുമൂത്രപ്പുരകളും കക്കൂസുകളും തുറന്ന് കൊടുക്കുന്നത് പോലീസ് വിലക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) സമരത്തിൽ പങ്കെടുക്കാനെത്തിയവർക്ക് മുറി നല്കരുതെന്നാവശ്യപ്പെട്ട് ഹോട്ടൽ/ലോഡ്ജ് ഉടമകൾക്ക് പോലീസ് നോട്ടീസ് നല്കിയിട്ടുണ്ടായിരുന്നുവോ;

(സി) പ്രസ്തുത നോട്ടീസ് നല്കിയ പോലീസ് ഉദ്യോഗസ്ഥൻമാർ ആരൊക്കെയായിരുന്നു എന്നറിയിക്കാമോ; നൽകിയ നോട്ടീസുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

എ. ഡി. ബി. വായ്പ തട്ടിപ്പ് കേസിലെ പ്രതി ശ്രീ. ഫിറോസിന്റെ അറസ്റ്റ്

255 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.യിൽനിന്നും 25 കോടി രൂപ വായ്പ വാഗ്ദാനം ചെയ്ത് സരിത എസ്. നായരും ബിജു രാധാകൃഷ്ണനും നടത്തിയ തട്ടിപ്പിലെ കൂട്ടുപ്രതിയായ ശ്രീ. ഫിറോസിനെ പി.ആർ.ഡി. ഡയറക്ടറായി സർക്കാർ നിയമിച്ചത് എന്ന് മുതലാണ് ;

(ബി) അദ്ദേഹത്തെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തത് എന്നായിരുന്നു ;

(സി) ശ്രീ. ഫിറോസ് തിരുവനന്തപുരം പ്രിൻസിപ്പൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെത്തുടർന്ന് പോലീസ് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയുണ്ടായോ ;

(ഡി) ഉള്ളിൽക്കഴിഞ്ഞ രണ്ടാഴ്ചക്കാലം ഫിറോസിനെ അറസ്റ്റ് ചെയ്യുന്നതിന് പോലീസ് എന്തെല്ലാം ശ്രമങ്ങൾ നടത്തുകയുണ്ടായി ; ഒളിവിൽ കഴിയുന്നതിന് ഫിറോസിനെ പോലീസ് സഹായിക്കുകയായിരുന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഫിറോസിന് ഒളിവിൽ കഴിയാൻ ആരെല്ലാം സഹായിക്കുകയുണ്ടായി ; അവർക്കെതിരെ കേസെടുക്കുകയുണ്ടായോ; .

(ഇ) ഒളിവിലായ കാലയളവിൽ ഫിറോസിന്റെ ഫോണുകൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; വിശദമാക്കാമോ ;

(എഫ്) പോലീസ് സ്റ്റേഷനിൽ ബൈക്കിൽ എത്തി കീഴടങ്ങിയ ഫിറോസിൽനിന്നും ഒളിവ് ജീവിതം സംബന്ധിച്ച് പോലീസ് അന്വേഷിക്കുകയുണ്ടായോ ; ഒളിവിൽ കഴിയുന്നതിന് സഹായിച്ച ആർക്കെല്ലാം എതിരെ പോലീസ് കേസെടുത്തു ;

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

(ജി) ഫിറോസിനെതിരെ എന്തെല്ലാം കുറ്റങ്ങൾക്ക് എതെല്ലാം വകുപ്പുകൾപ്രകാരം കേസെടുത്തിട്ടുണ്ട് ; എത്ര കേസുകൾ നിലവിൽ ഉണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കണ്ണൂരിൽ മുഖ്യമന്ത്രിയ്ക്കു പരിക്കേല്ക്കാനിടയായ സംഭവത്തിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ</u>

256 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ മുഖ്യമന്ത്രിക്ക് പരിക്കേല്ക്കാനിടയായ സംഭവത്തിന്റെ മറവിൽ സോളാർ പ്രശ്നത്തിൽ ജനാധിപത്യപരമായി കരിങ്കൊടി ഉയർത്തി പ്രതിഷേധം രേഖപ്പെടുത്തിയ എൽ.ഡി.എഫ്. പ്രവർത്തകർക്കും നേതാക്കൾക്കും എതിരെ പോലീസ് കള്ളക്കേസുകൾ എടുത്തിട്ടുള്ളത് സംബന്ധിച്ച ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയ്ക്ക് പരിക്കേല്ക്കാനിടയായ സംഭവത്തെ തുടർന്ന് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ മൊത്തം എത്രപേരെ വിവിധ സ്ഥലങ്ങളിൽ നിന്നായി അറസ്റ്റ് ചെയ്യുകയുണ്ടായി; തുടർന്ന് റിമാന്റ് ചെയ്യപ്പെട്ടവർ എത്ര; അവർ ആരൊക്കെ; ഓരോരുത്തരും എത്ര ദിവസം ജയിലുകളിൽ കഴിയേണ്ടിവന്നു; ഇതിൽ സംഭവ ദിവസം കണ്ണൂർ ടൗണിൽ ഉണ്ടായിരുന്നിട്ടില്ലാത്തവർ എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

257 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ഡോക്ടർമാരുടെ പരാതിയിന്മേൽ 24/5/2013 ൽ സോളാർ തട്ടിപ്പ് കേസിലെ പ്രതി ശ്രീമതി സരിത എസ്. നായരെ തലശ്ശേരി പോലീസ് അറസ്റ്റ് ചെയ്യുന്നത് തടസ്സപ്പെടുകയുണ്ടായോ; ഇതിനു കാരണം എന്തായിരുന്നുവെന്ന് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ;

(ബി) അറസ്റ്റ് ചെയ്യാൻ തലശ്ശേരി പോലീസ് പെരുമ്പാവൂരിലേക്ക് പോയ ദിവസം തന്നെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ നിന്നും വിവരം ആഭ്യന്തര വകുപ്പ് മന്ത്രിയേയും സരിതയേയും അറിയിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ;

(സി) സരിത അറസ്റ്റ് ചെയ്യപ്പെടുന്നതിന് മുൻപ് എത്ര തവണ ആഭ്യന്തരവകുപ്പ് മന്ത്രിയുമായി ഫോണിൽ സംസാരിക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്ക് പരിക്കേറ്റ സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ</u>

258 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് കണ്ണൂരിൽവച്ച് പരിക്കേൽക്കാനിടയായ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയതു; ഏതെല്ലാം വകുപ്പുകൾ പ്രകാരം ഏതെല്ലാം സ്റ്റേഷനിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിക്ക് പരിക്കേൽക്കാനിടയായ സംഭവത്തിൽ എൽ.ഡി.എഫ് നേതാക്കളുടെയും പ്രവർത്തകരുടെയും പേരിൽ കള്ളക്കേസുകൾ എടുത്ത് അറസ്റ്റ് ചെയ്ത് ജയിലുകളിൽ അടച്ചത് സംബന്ധിച്ച് ഡി.ജി.പി.ക്ക് കണ്ണൂർ ജില്ലയിൽനിന്നുള്ള എം.എൽ.എ.മാർ പരാതി നൽകിയിട്ടുണ്ടായിരുന്നുവോ;

(സി) പരാതിയെക്കുറിച്ച് ഡി.ജി.പി. നേരിട്ടന്വേഷിക്കുകയുണ്ടായോ; കള്ളക്കേസുകൾ എടുത്ത ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ഡി.ജി.പി. നടപടി കൈക്കൊള്ളുകയുണ്ടായി?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

മുഖ്യമന്ത്രിക്ക് നേരെ കണ്ണൂരിൽ നടന്ന ആക്രമണം

259 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ എൽ.ഡി.എഫ്. കരിങ്കൊടി കാണിച്ച് പ്രതിഷേധം രേഖപ്പെടുത്തിയ ദിവസം മുഖ്യമന്ത്രിയെ കല്ലെറിഞ്ഞവർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ; എങ്കിൽ ഏത് വകുപ്പ് പ്രകാരം; വിശദമാക്കാമോ;

(ബി) ശ്രീ. കുഞ്ഞുമുഹമ്മദ് എന്ന വ്യക്തി കല്ലെറിയുന്ന ദൃശ്യങ്ങൾ പോലീസിന് ലഭിക്കുകയുണ്ടായോ; ടിയാനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പ് പ്രകാരം;

(സി) മുഖ്യമന്ത്രിയുടെ കാറിൽ നിന്നും എത്ര കല്ലുകളാണ് കണ്ടെടുക്കാൻ കഴിഞ്ഞിരുന്നത്;

(ഡി) പ്രതിഷേധ സമരത്തിൽ പങ്കെടുത്ത എത്ര പേർക്കെതിരെ കല്ലെറിഞ്ഞു എന്ന പേരിൽ പോലീസ് കേസെടുത്തിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ആരെങ്കിലും കല്ലെറിഞ്ഞിട്ടുള്ളവരാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര പേർ; സംഭവസ്ഥലത്ത് ഇല്ലാത്തവരുടെ പേരിലും കേസെടുക്കാനിടയായ സാഹചര്യം ഉണ്ടായിട്ടുണ്ടോ? എങ്കിൽ എന്തായിരുന്നു?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ കണ്ണൂര്‍ സന്ദര്‍ശനം സംബന്ധിച്ച ഇന്റലിജന്‍സ് റിപ്പോര്‍ട്ട്

260 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ 2013 ഒക്ടോബര്‍ 27 ന്റെ കണ്ണൂര്‍ സന്ദര്‍ശനത്തിന് മുന്‍പായി സന്ദര്‍ശനവുമായി ബന്ധപ്പെട്ട് സര്‍ക്കാരിന് ലഭിച്ച ഇന്റലിജന്‍സ് റിപ്പോര്‍ട്ട് മുഖ്യമന്ത്രിയുടെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടായിരുന്നുവോ ; സന്ദര്‍ശനം സംബന്ധിച്ച ഇന്റലിജന്‍സ് റിപ്പോര്‍ട്ട് എന്തായിരുന്നു ; വിശദമാക്കാമോ ;

(ബി) തലശ്ശേരിയില്‍ എത്തി കണ്ണൂരിലേക്ക് പുറപ്പെടുമ്പോള്‍, മുഖ്യമന്ത്രിക്ക് കണ്ണൂരിലെ സാഹചര്യം സംബന്ധിച്ച് ലഭിച്ചിരുന്ന റിപ്പോര്‍ട്ട് എന്തായിരുന്നു ; ഇതേ തുടര്‍ന്ന് ഡി. ജി. പി. യ്ക്ക് മുഖ്യമന്ത്രി നല്കിയ നിര്‍ദ്ദേശം എന്തായിരുന്നു; വിശദമാക്കുമോ ;

(സി) ഇന്റലിജന്‍സ് റിപ്പോര്‍ട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടായിരുന്നുവെങ്കില്‍ മുഖ്യമന്ത്രി എന്തെല്ലാം മുന്‍കരുതല്‍ നടപടികള്‍ സ്വീകരിക്കുകയുണ്ടായി ;

(ഡി) മുഖ്യമന്ത്രി സഞ്ചരിച്ച കാറിന്റെ പിന്‍സീറ്റിലേക്ക് സുരക്ഷാഭടനെ മാറ്റിയിരുത്തിയത് സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായിരുന്നുവോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കണ്ണൂര്‍ ജില്ലയിലെ ജനസമ്പര്‍ക്ക പരിപാടിയ്ക്കുള്ള പോലീസ് വിന്യാസം</u>

261 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയുമായി ബന്ധപ്പെട്ട് കണ്ണൂര്‍ ജില്ലയില്‍ എത്ര പോലീസ് സേനാംഗങ്ങളെ വിന്യസിച്ചിരുന്നു;

(ബി) ആയതിനുവേണ്ടി സര്‍ക്കാര്‍ ഖജനാവില്‍ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം ചെലവുകള്‍ നേരിടുന്നതിന് ആഭ്യന്തര വകുപ്പിന് പ്രത്യേക അക്കൗണ്ട് ശീര്‍ഷകം നിലവിലുണ്ടോ;

(ഡി) എങ്കില്‍ പ്രസ്തുത അക്കൗണ്ട് ഹെഡില്‍ 2006 മുതല്‍ 2013 വരെയുള്ള കാലയളവില്‍ അനുവദിച്ച തുകയും ചെലവാക്കിയ തുകയും വര്‍ഷം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ഗവ. ചീഫ് വിപ്പിന്റെ 2013 ഡിസംബർ 15–ലെ
പൊതു പരിപാടികൾ

262 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബർ 15–ലെ ഗവ. ചീഫ് വിപ്പിന്റെ പൊതുപരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് അറിയാമോ;

(ബി) സർദാർ പട്ടേലിന്റെ പ്രതിമ നിർമ്മാണത്തിന്റെ പേരിൽ കോട്ടയത്ത് സംഘടിപ്പിക്കപ്പെട്ട കൂട്ടയോട്ടം പരിപാടിയിൽ ഗവ. ചീഫ് വിപ്പ് പങ്കെടുത്തതായി അറിയാമോ;

(സി) ഗവ. ചീഫ് വിപ്പ്, പ്രസ്തുത വേദിയിൽ ഹാജരായതും മുഖ്യമന്ത്രി മോഡിയുടെ ചിത്രമുള്ള ടീഷർട്ട് ഉയർത്തുകയും വിൽപന ഉദ്ഘാടനം ചെയ്യുകയും ചെയ്തതായി അറിയാമോ;

(ഡി) പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് വേദിയിൽ എത്താൻ ഗവ. ചീഫ് വിപ്പ് ഔദ്യോഗികവാഹനം ഉപയോഗിച്ചിട്ടുണ്ടായിരുന്നുവോ; പ്രസ്തുത പരിപാടി സർക്കാർ പിന്തുണയുള്ള ഔദ്യോഗിക പരിപാടി ആയിരുന്നുവോ; സർക്കാർ ഈ പരിപാടിയുമായി സഹകരിക്കാൻ പ്രത്യേക തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഗവ. ചീഫ് വിപ്പ് തൊടുപുഴയിൽ ആക്രമിക്കപ്പെട്ട സംഭവം</u>

263 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവ. ചീഫ് വിപ്പ് തൊടുപുഴയിൽ ആക്രമിക്കപ്പെട്ട സംഭവം പോലീസ് അന്വേഷിക്കുകയുണ്ടായോ; സംഭവത്തിനുത്തരവാദികളായ എല്ലാവർക്കുമെതിരെ കേസെടുത്തിട്ടുണ്ടോ; പ്രതികൾ ആരൊക്കെയാണ്; ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവർ ആരൊക്കെ;

(ബി) സംഭവത്തിന്റെ സൂത്രധാരൻ ആരാണെന്നും ഇക്കാര്യത്തിൽ ഗൂഡാലോചന നടന്നതെവിടെയായിരുന്നുവെന്നും പോലീസ് അന്വേഷിക്കുകയുണ്ടായോ;

(സി) കേസിലെ പ്രതികൾ സംഭവത്തിന് മുമ്പും ശേഷവും നടത്തിയ ഫോൺ വിളികളെ സംബന്ധിച്ച് പോലീസ് അന്വേഷിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ നടന്നതായ ഗൂഢാലോചനയിൽ പങ്കെടുത്തതായി പോലീസ് കരുതുന്നവർ ആരൊക്കെയാണ്?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

കെ. ടി. ജയകൃഷ്ണൻ വധക്കേസ് - സി. ബി. ഐ. അന്വേഷണം

264 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ടി. ജയകൃഷ്ണൻ വധക്കേസ് പുനരന്വേഷണം നടത്താൻ സി. ബി. ഐ. യ്ക്ക് വിട്ടുകൊണ്ട് സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) പോലീസിന് ലഭിച്ച ഏതെങ്കിലും മൊഴിയുടെ പശ്ചാത്തലത്തിലാണോ ഇത്തരമൊരു തീരുമാനം എടുത്തിരുന്നത്; പ്രസ്തുത മൊഴി പോലീസിന് ലഭിച്ചത് എപ്പോഴായിരുന്നു; പ്രസ്തുത മൊഴി നല്കിയതായി പറയുന്ന വ്യക്തി പിന്നീട് കോടതിയിൽ ഇത് സംബന്ധമായി നല്കിയ വിവരം എന്തായിരുന്നു; വിശദമാക്കാമോ;

(സി) മൊഴി നല്കിയതായി പറയുന്ന വ്യക്തി പിന്നീട് കോടതിയിൽ അക്കാര്യം നിഷേധിച്ചിരിക്കെ, ആ മൊഴിയുടെ അടിസ്ഥാനത്തിൽ സി. ബി. ഐ. യോട് പുനരന്വേഷണം നടത്താൻ ആവശ്യപ്പെട്ടത് എന്തടിസ്ഥാനത്തിലായിരുന്നു;

(ഡി) സാങ്കേതികവും നിയമപരവുമായ ഉപദേശം നല്കിയവർ ആ വസ്തുത പരിഗണിച്ചിട്ടുണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ഇ) ഇക്കാര്യത്തിനു മുഖ്യമന്ത്രിയ്ക്ക് ലഭിച്ച സാങ്കേതിക ഉപദേശത്തിന്റെയും നിയമ ഉപദേശത്തിന്റെയും ഓരോ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ലീഗ് ഹൗസിനു മുൻപിലെ സംഘർഷം</u>

265 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലീഗ് ഹൗസിന് മുൻപിൽ മന്ത്രിമാരെ തടയുകയും സംഘർഷം സൃഷ്ടിക്കുകയും ചെയ്ത പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ, ആർക്കെല്ലാം എതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്; പോലീസ് ബലം പ്രയോഗിച്ച് നീക്കിയ എത്ര ലീഗ് പ്രവർത്തകർ ഉണ്ടായിരുന്നു; അവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിലേർപ്പെട്ടവർ ഏതെല്ലാം സംഘടനകളിൽപ്പെട്ടവരായിരുന്നു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്, മലപ്പുറം ജില്ലകളിലെ അറബിക്കല്ല്യാണം</u>

266 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മോണ്ടം സ്വദേശിനിയായ പെൺകുട്ടിയെ കോഴിക്കോട് മുഖദാറിലെ യത്തിംഖാന അധികൃതർ നിർബന്ധിച്ച് അറബിക്ക് വിവാഹം കഴിപ്പിച്ച് കൊടുത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) മലപ്പുറം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന നല്കിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അറബിക്കല്ല്യാണങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് ഉപരോധ സമരം</u>

267 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഉപരോധ സമരത്തെ നേരിടാൻ സംസ്ഥാനത്തിന് പുറത്തുനിന്നും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പാടാക്കിയിരുന്നത്;

(ബി) കേന്ദ്രസേനയെ വിളിക്കാനുള്ള തീരുമാനം ആരുടെതായിരുന്നു; മന്ത്രിസഭ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ എപ്പോൾ ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു;

(സി) കേന്ദ്ര സേന എത്ര ദിവസം സംസ്ഥാനത്തുണ്ടായിരുന്നു; ഈ ഇനത്തിൽ സംസ്ഥാനത്തിന് എന്ത് തുകയാണ് ആകെ ചെലവ് വന്നത്;

(ഡി) കേന്ദ്ര സേനയെ സംസ്ഥാനത്ത് എവിടെയെല്ലാം വിന്യസിക്കുയുണ്ടായി; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ശ്രീ. ജയപ്രസാദിനേറ്റ പോലീസ് മർദ്ദനം</u>

268 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് പ്രതിഷേധം അറിയിച്ച ശ്രീ. ജയപ്രസാദ് എന്നയാളെ ക്രൂരമായി മർദ്ദിച്ചത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ;

(ബി) അന്വേഷണം നടത്തി റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് നൽകിയത് എപ്പോഴാണ്; പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ:

(സി) ശ്രീ. ജയപ്രസാദിന്റെ ജനനേന്ദ്രിയം തകർത്ത എസ്.ഐയ്ക്കും പോലീസ്കാരനുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ; ഏതെല്ലാം കുറ്റങ്ങൾ ചുമത്തി എതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ശ്രീ. ജയപ്രസാദിനെ മർദ്ദിച്ച പോലീസുകാർക്കെതിരെയുള്ള നടപടി

269 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ 2013 സെപ്റ്റംബർ 4-ന് പ്രതിഷേധസമരത്തിൽ പങ്കെടുത്ത ശ്രീ. ജയപ്രസാദ് എന്നയാളുടെ ജനനേന്ദ്രീയത്തിൽ പിടിച്ച് തൊഴിക്കുകയും ലാത്തികൊണ്ട് കുത്തുകയും ചെയ്ത എസ്.ഐ. ശ്രീ. വിജയദാസ് ഇപ്പോഴും പോലീസ് സർവ്വീസിൽ തുടരുന്നുണ്ടോ ;

(ബി) ജനനേന്ദ്രീയം തകർക്കാൻ ഇദ്ദേഹത്തോടൊപ്പം കൂട്ടുനിന്ന പോലീസുകാർ ആരൊക്കെയാണ് ; അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത പോലീസുകാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം കുറ്റത്തിന് ഏതെല്ലാം വകുപ്പുകൾപ്രകാരമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച സംഭവം

270 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ഗർഭിണിയുടെ ചികിത്സാ ചെലവുമായി വന്ന യുവാക്കളെ തിരുവനന്തപുരം ഫോർട്ട് പോലീസ് അകാരണമായി കസ്റ്റഡിയിലെടുത്ത് മർദ്ദിക്കുകയും പണം തട്ടിയെടുക്കുകയും ചെയ്ത സംഭവത്തിൽ എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ സ്റ്റേഷനിൽത്തന്നെ പണത്തിനുവേണ്ടി ഒരാളെ ഉരുട്ടിക്കൊന്ന സംഭവം ഉണ്ടായ കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; ആ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(സി) കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസുദ്യോഗസ്ഥരെ പിരിച്ചുവിടാൻ നിലവിൽ നിയമമുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ നിയമ നിർമ്മാണം നടത്തുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ വർഗ്ഗീയ സംഘർഷങ്ങൾ</u>

271 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ കാസർകോട് ജില്ലയിൽ എത്ര വർഗ്ഗീയ സംഘർഷങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു ;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ;

(ഡി) എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും പിൻവലിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കാസർഗോട് മാധ്യമ പ്രവർത്തകർക്ക് നേരെ ഉണ്ടായിട്ടുള്ള അക്രമങ്ങൾ</u>

272 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ മാധ്യമപ്രവർത്തകർക്ക് നേരെ ഉണ്ടായിട്ടുള്ള അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ഏതെല്ലാം കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത് ;

(ഡി) ഓരോ കേസിലും ആരൊക്കെയാണ് പ്രതികളെന്നും ആരെയൊക്കെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

ഉദുമ സ്വദേശി ശ്രീ. എം. ബി. ബാലകൃഷ്ണന്റെ
കൊലപാതകം സംബന്ധിച്ച കേസന്വേഷണം

273 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ തിരുവോണ നാളിൽ ഉദുമ മാങ്ങാട് സ്വദേശി ശ്രീ. എം. ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കൊല നടത്തിയ സംഭവത്തിലെ ആസൂത്രകരേയും പ്രതികൾക്ക് സംരക്ഷണം നൽകിയവരേയും കേസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇനിയും അറസ്റ്റ് ചെയ്യാനുള്ള പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളവരാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ശ്വേതാമേനോന്റെ പരാതിയിന്മേൽ നടപടി

274 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് പൊതുവേദിയിൽ ശ്രീമതി ശ്വേതാമേനോൻ അപമാനിതയായ സംഭവത്തിൽ സ്ഥലം എം.പി.ക്കെതിരെ ലഭിച്ച് പരാതികൾ ഏതൊക്കെയായിരുന്നു. പരാതി നേരിൽ കേട്ട ജില്ലാ കളക്ടർ സ്വീകരിച്ച നടപടി എന്തായിരുന്നു;

(ബി) ഏതെല്ലാം പരാതികൾ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി;

(സി) ശ്രീമതി ശ്വേതാമേനോൻ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ് ഏതായിരുന്നു; ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ്സെടുത്തിരുന്നത്; പ്രസ്തുത കേസ്സിന്റെ എഫ്. ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേസുകളുടെ നിജസ്ഥിതി വിശദമാക്കാമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ശ്രീമതി ശ്വേതാമേനോന്റെ പരാതി</u>

275 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് പൊതുവേദിയിൽ അപമാനിതയായ ശ്രീമതി ശ്വേതാമേനോൻ കൊല്ലം പാർലമെന്റ് അംഗത്തിന്റെ ഭാഗത്തു നിന്നുണ്ടായതായി പറയപ്പെടുന്ന പ്രവൃത്തിയെ സംബന്ധിച്ച് ജില്ലാകളക്ടറോട് പരാതി പറയുകയുണ്ടായോ;

(ബി) പരാതി കേട്ട കളക്ടർ ഐ.പി.സി. 202-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തി, ഉടൻ പോലീസിൽ കൈമാറുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇക്കാര്യത്തിൽ കൃത്യവിലോപം കാണിച്ച ജില്ലാകളക്ടർക്കെതിരെ സർക്കാരിൽ പരാതി ലഭിക്കുകയുണ്ടായോ; എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്തായിരുന്നു?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പ് കേസ്</u>

276 ശ്രീ. എം. എ. ബേബി
,, ബി. സത്യൻ
,, കെ. രാധാകൃഷ്ണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ടപ്പേരിൽ കൃത്രിമം കാണിച്ച് കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പ് നടത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേസിലെ പ്രതിയുടെ ഫോൺ രേഖകൾ പിടിച്ചെടുക്കാൻ കഴിയുകയില്ലെന്ന് സർക്കാർ കോടതിയിൽ ബോധിപ്പിക്കുകയുണ്ടായോ; ഇതിന്മേൽ കോടതി എന്തായിരുന്നു നിർദ്ദേശിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) കോടതിയെ ബോധിപ്പിക്കുന്നതിന് മുമ്പായി സർക്കാർ ഡി.ജി.പി.യുടേയോ വിജിലൻസ് ഡയറക്ടറുടേയോ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നുവോ;

(ഡി) പ്രതി ശ്രീ. സലിംരാജിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ ഫോൺവിളി സംബന്ധിച്ച പട്ടിക ഡി.ജി.പി.യുടെയും ഇന്റലിജൻസ് മേധാവിയുടെയും കൈവശമുണ്ടായിരുന്നുവോ; ഇക്കാര്യം കോടതിയിൽ മറച്ചുവച്ചത് ആരെയോ സംരക്ഷിക്കാൻ ആണ് എന്ന തരത്തിൽ ആക്ഷേപം ഉണ്ടായിട്ടുണ്ടെന്ന കാര്യം അറിയാമോ;

(ഇ) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ശ്രീ. സലിംരാജ് മുഖ്യമന്ത്രിയായാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് കേരള ഹൈക്കോടതി വിമർശിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയ്ക്ക് നേരെ കരിങ്കൊടി കാണിച്ചുപ്രതിക്ഷേധിച്ച വർക്ക് നേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്</u>

277 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 സെപ്റ്റംബർ 4ന് തിരുവനന്തപുരം ജില്ലയിലെ ആനയറ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രിയ്ക്ക് നേരെ കരിങ്കൊടി കാണിച്ച് പ്രതിഷേധം പ്രകടിപ്പിച്ചവർക്ക് നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു; എത്ര പോലീസുകാർക്ക് പ്രസ്തുത കേന്ദ്രത്തിൽ ഡ്യൂട്ടി ഉണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പ്രതിഷേധ സമരത്തിൽ പങ്കെടുത്തവർക്ക് നേരെ നിയമ വിരുദ്ധമായി പെരുമാറിയ പോലീസുകാർ ആരൊക്കെയായിരുന്നു;

(സി) മർദ്ദനത്തിൽ പരിക്ക് പറ്റിയവർ ആരൊക്കെയായിരുന്നു;

(ഡി) സമരത്തിൽ പങ്കെടുത്ത യുവാവിന്റെ ജനനേന്ദ്രിയത്തിൽ പിടിക്കുകയും ചവിട്ടുകയും ചെയ്ത പോലീസുകാർ ആരൊക്കെയായിരുന്നു;

(ഇ) നിയമ വിരുദ്ധമായി പ്രവൃത്തിച്ച പോലീസുകാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ക്വാർട്ടേഴ്സുകളിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നടപടി</u>

278 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് ചീഫിന്റെ അധികാര പരിധിയിലുള്ള ക്വാർട്ടേഴ്സുകളിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നോട്ടീസ് നൽകിയിട്ടും ഒഴിഞ്ഞുപോകാത്ത എത്ര ജീവനക്കാരുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അർഹരായവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

എം. ജി. കോളേജിന് നേരെയുള്ള ആക്രമണങ്ങൾ

279 ശ്രീ. ആർ. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം. ജി. കോളേജിൽ ഏതാനും സാമൂഹ്യവിരുദ്ധർ നടത്തിയ ആക്രമണങ്ങളെ സംബന്ധിച്ച് പോലീസ് പ്രത്യേക സംഘം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ ഏതെല്ലാം വകുപ്പുകളിൽ കേസ് എടുക്കുകയുണ്ടായി;

(ബി) സാമൂഹ്യവിരുദ്ധർ നടത്തിയ അഴിഞ്ഞാട്ടങ്ങളെ ചെറുത്ത അദ്ധ്യാപകരുടെ വീടുകൾ തെരഞ്ഞുപിടിച്ച് ആക്രമണങ്ങൾ അഴിച്ചുവിട്ടതും അന്വേഷിക്കുകയുണ്ടായോ;

(സി) സാമൂഹ്യദ്രോഹികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും കോളേജിനെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സുനീഷ് കുമാറിനെതിരെയുള്ള പോലീസ് മർദ്ദനം</u>

280 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില പോലീസ് ഉദ്യോഗസ്ഥരുടെ വൈരനിര്യാതന നടപടികൾക്കിരയായ തിരുവനന്തപുരം മലയിൻകീഴ് സ്വദേശി ശ്രീ. സുനീഷ് കുമാറിന്റെ പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ യുവാവിനെ അകാരണമായി മർദ്ദിച്ചതിനും കേസെടുത്തതിനുമെതിരെ നാല് പോലീസുദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടിക്ക് ഉത്തരവ് നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു പ്രകാരം ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; ഇവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പ്രതികാര നടപടിക്കിരയായ ഈ യുവാവിന് നഷ്ടപരിഹാരം നൽകാനും, തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ ആക്രമണ കേസ്</u>

281 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ അതിക്രമിച്ചുകടന്ന് അവിടെയുണ്ടായിരുന്ന വിദ്യാർത്ഥികളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ആക്രമണത്തിൽ എത്ര പേർക്ക് പരിക്ക് പറ്റിയിരുന്നു; ആക്രമണ സംഘത്തിൽപ്പെട്ടവർ എത്ര പേരായിരുന്നു; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്;

(സി) അക്രമികൾക്ക് ഏതെങ്കിലും സംഘടനയുമായി ബന്ധമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ സാധനസാമഗ്രികളുടെ കടത്തൽ</u>

282 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ സാധനസാമഗ്രികൾ 06.12.2013 –ൽ സാമൂഹ്യവിരുദ്ധർ കടത്തിക്കൊണ്ട് പോയത് സംബന്ധിച്ച് ഏതെങ്കിലും കേസ് പൊഴിയൂർ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ എഫ്. ഐ. ആർ ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാധനങ്ങൾ കടത്തിയതിലൂടെ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനെതിരെ പോലീസ് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ടെക്നിക്കൽ സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ വസ്തുവകകളും നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടോ എന്ന് ഭൗതിക പരിശോധനയിലൂടെ പോലീസ് മഹസ്സർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം നഷ്ടപ്പെട്ടതും, കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായ വസ്തുവകകളുടെ കണക്കും ഇതിലൂടെ സർക്കാരിനുണ്ടായിട്ടുള്ള നഷ്ടവും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെക്കൊണ്ട് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പോലീസിന് ലഭ്യമായ ടെക്നിക്കൽ സ്കൂൾ മേധാവിയുടെ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ വിഷയത്തിൽ 07.12.2013 –ൽ പാറശ്ശാല പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് സ്ഥലം എം.എൽ.എ ഇ–മെയിൽ മുഖാന്തിരം നൽകിയ പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ കേസ്സിൽ എത്ര പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ട്; ഇതിലെ പ്രതികൾ ആരെല്ലാമാണ്; ഇവരുടെ താമസസ്ഥലം എവിടെയാണെന്നും, ഇവർക്ക് ഏതെ

ങ്കിലും രാഷ്ട്രീയ പാർട്ടിയുമായും ബന്ധമുണ്ടോ എന്നും, ഇവരിൽ എത്രപേർക്ക് സർക്കാർ ജോലിയുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ജി) ഈ കേസിൽ പോലീസ് പറയുന്ന കണ്ടാലറിയാവുന്ന പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിൽ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ ജീവനക്കാരുണ്ടോ; എങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ദിവസം പോലീസ് പ്രതികളെ പിടിക്കാൻ പരിശോധന നടത്തിയെന്നും, ഇതിന് ചുമതല വഹിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ലാൽജി കൊള്ളന്നൂർ പ്രേംജി, മധു ഈച്ചരത്ത്
കൊലപാതക/കൊലപാതകശ്രമ കേസുകളിൽ അന്വേഷണം

283 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.പി.സി.സി ന്യൂനപക്ഷസെൽ ജില്ലാ കൺവീനർ കൂടിയായിരുന്ന ലാൽജി കൊള്ളന്നൂരിനെ കൊലപ്പെടുത്തിയ കേസിൽ എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി;

(ബി) യൂത്ത് കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന പ്രേംജിയെ വിഷു ദിനത്തിൽ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു; പോലീസ് ആരെയൊക്കെ അറസ്റ്റ് ചെയ്യുകയുണ്ടായി;

(സി) കോൺഗ്രസ്സ് നേതാവ് മധു ഈച്ചരത്തിനെ വെട്ടി കൊലപ്പെടുത്തിയ കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു; പോലീസ് ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) രാഷ്ട്രീയ മത്സരവും ഗൂഡാലോചനയും പ്രസ്തുത കൊലപാതകങ്ങൾക്ക് പിന്നിൽ ഉണ്ടായിരുന്നുവോ; പോലീസ് ആ കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായോ; കൊലപാതക കേസുകളിലെ അന്വേഷണ ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>വെളിയനാട് പഞ്ചായത്തിലെ പൈപ്പ്ലൈൻ നശിപ്പിച്ച കേസ്</u>

284 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണം തടസ്സപ്പെടുത്തുന്നത് ലക്ഷ്യവച്ച് വെളിയനാട് പഞ്ചായത്തിൽ ആറിനടിയിലൂടെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈൻ നശിപ്പിച്ച സാമൂഹ്യവിരുദ്ധരെ നാളിതുവരെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പൊതുമുതൽ നശിപ്പിച്ച് കുടിവെള്ള വിതരണം തടസ്സപ്പെടുത്തിയ പ്രസ്തുത സാമൂഹ്യവിരുദ്ധർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ നടപടി

285 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ബ്ലേഡ് - ക്വട്ടേഷൻ സംഘങ്ങളും പോലീസ് ഉദ്യോഗസ്ഥൻമാരും കോൺഗ്രസ് നേതാവിന്റെ സംരക്ഷണത്തിൽ പ്രവൃത്തിക്കുന്നു എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് ക്വട്ടേഷൻ സംഘത്തിന്റെ ക്രൂരമർദ്ദനത്തിനിരയായ ശ്രീ. കെ. നാരായണൻ പോലീസിന് പരാതി നല്കിയിട്ടുണ്ടോ; എങ്കിൽ പരാതിയിലും അത് സംബന്ധിച്ച് പുറത്തുവന്ന വാർത്തയിലും ഉന്നയിക്കപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ ആർക്കെല്ലാം എതിരെ എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരം; വിശദമാക്കുമോ;

(ബി) ക്വട്ടേഷൻ സംഘം ക്യാമ്പ് നടത്തിയ സ്ഥലത്തേയും ക്യാമ്പിൽ പങ്കെടുത്തവരെയും ഇതിന് നേതൃത്വം നല്കിയവരെയുമെല്ലാം അന്വേഷണത്തിന്റെ ഭാഗമായി പുറത്ത് കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ</u>

286 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006–2012 കാലയളവിൽ അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ IPC 279, 337, 338, 304 (a) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ മൂന്നു സർക്കിൾ സ്റ്റേഷനുകളുടെ പരിധിയിലുണ്ടായ വാഹനപകടങ്ങളുടെയും ട്രാഫിക് കുറ്റകൃത്യങ്ങളുടെയും ബാഹുല്യവും വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും കണക്കിലെടുത്ത് എം. സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ട്രാഫിക് സ്റ്റേഷൻ എന്നേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>നെല്ലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ മർദ്ദിച്ച കേസ്</u>

287 ശ്രീ. കെ.എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനിതാമഹേശനെ മർദ്ദിച്ചതായി ആരോപിക്കപ്പെടുന്ന സംഭവത്തിൽ പ്രതിക്കെതിരെ കേസെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കുറ്റങ്ങൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; പ്രതികൾ ഏത് രാഷ്ടീയ പാർട്ടിയിൽപ്പെട്ടവരാണ്;

(സി) ഒരു വനിതാ ജനപ്രതിനിധിയുടെ അഭിപ്രായ സ്വാതന്ത്ര്യം തടഞ്ഞുകൊണ്ടും സ്ത്രീത്വത്തെ അപമാനിച്ചുകൊണ്ടും നടത്തിയ ആക്രമണത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം</u>

288 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം അടിയന്തരമായി പരിഗണിക്കുമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിന് നടപടി

289 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേയിൽ ഏറ്റവും കൂടുതൽ വാഹനാപകടങ്ങൾ നടക്കുന്ന കരുനാഗപ്പള്ളി പ്രദേശത്ത് ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അഗ്നിശമന സേനയുടെ നവീകരണം</u>

290 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അഗ്നിശമനസേനാ വിഭാഗത്തിന്റെ പക്കലുള്ള പല ജീവൻ രക്ഷാ ഉപകരണങ്ങളും കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതാണെന്നും ഇവ അത്യാഹിത സന്ദർഭങ്ങളിൽ ഉപയോഗത്തിന് യോജ്യമല്ലെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തനക്ഷമത വിലയിരുത്തപ്പെടാറുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗയുക്തമാക്കുന്നതിനും പുതിയത് അനുവദിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പട്ടാമ്പി ഫയർ സ്റ്റേഷൻ കെട്ടിടം</u>

291 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട പട്ടാമ്പി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് താത്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

### മങ്കട നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

292 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ അനുകൂലമായ തീരുമാനം സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ചക്കിട്ടപാറയിലെ ഇരുമ്പയിര് ഖനനം</u>

293 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറയിൽ ഖനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) അന്വേഷണത്തിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ശുപാർശ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) ഏതെല്ലാം കാര്യങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) അന്വേഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വിജിലൻസ് കേസ് അന്വേഷണ വിവരങ്ങൾ

294 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണ വിവരങ്ങളും വിശദാംശങ്ങളും മന്ത്രിമാരുമായി പങ്ക് വയ്ക്കാറുണ്ടോ; എങ്കിൽ, അതിന് അനുവദിക്കുന്ന നിയമ വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിജിലൻസ് കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ മന്ത്രിമാരുമായി വിജിലൻസ് അധികൃതർ പങ്ക് വയ്ക്കുകയുണ്ടായി; വിശദമാക്കാമോ;

(സി) ഇത്തരം പങ്കുവെയ്ക്കലുകൾ അന്വേഷണത്തിൽ ഇടപെടുന്നതിനും അധികാര ദുർവിനിയോഗത്തിനും ഇടയാക്കിയിട്ടുള്ളതായി അറിയാമോ;

(ഡി) സ്വതന്ത്രമായി പ്രവർത്തിക്കേണ്ടുന്ന വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥന്മാർ മന്ത്രിമാരുടെ ഓഫീസുകളിൽ കയറിഇറങ്ങുന്നതും കേസ് അന്വേഷണ കാര്യങ്ങൾ പങ്കുവയ്ക്കുന്നതും ഉചിതമാണോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം ലിമിറ്റഡിനെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

295 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം വ്യാജ രേഖകളും ഭൂപടങ്ങളും ഉപയോഗിച്ച് എസ്റ്റേറ്റുകൾ കൈവശം വെച്ച് വരുന്നത് സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഹാരിസണിന്റെ കൈവശം ഇരിക്കുന്ന മൊത്തം ഭൂമി എത്ര ഏക്കറാണ് ;

(സി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് കേരള ഹൈക്കോടതിക്ക് കൈമാറിയിട്ടുണ്ടോ ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം കമ്പനിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

296 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം കമ്പനി ഭൂമി കൈവശം വെച്ചിരിക്കുന്നതു സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) അന്വേഷണം ആരംഭിച്ചതിനുശേഷം അന്വേഷണ ചുമതലയുണ്ടായിരുന്ന ഏതെല്ലാം ഉദ്യോഗസ്ഥരെ അന്വേഷണത്തിൽ നിന്നും മാറ്റുകയുണ്ടായി;

(സി) അന്വേഷണത്തെത്തുടർന്ന് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി എത്രപേരെ ഇതിനകം ചോദ്യം ചെയ്യുകയുണ്ടായി; കൈവശരേഖകളിൽ കൃത്രിമമായി സൃഷ്ടിച്ചവ ഏതൊക്കെയാണെന്നു തെളിയുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഹാരിസൺ മലയാളം കമ്പനിയ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

297 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി സർക്കാർ ഭൂമി കൈവശം വെച്ച് വരുന്നത് സംബന്ധിച്ച ഹാരിസൺ മലയാളം കമ്പനിയ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) അന്വേഷണം ആരംഭിച്ചത് എപ്പോഴായിരുന്നു; അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരൊക്കെ; വിജിലൻസ് അന്വേഷണം ആരംഭിച്ചതിനു ശേഷം ഇന്നുവരെ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥന്മാരെ മാറ്റിയിട്ടുണ്ട്;

(സി) ഹാരിസൺ കമ്പനിയെ അന്യായമായി സഹായിക്കാൻ അന്വേഷണ ഉദ്യോഗസ്ഥനെത്തന്നെ മാറ്റി എന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ കേസിലെ പ്രതിയുടെ മൊഴി</u>

298 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ് പ്രതി ശ്രീമതി സരിത എസ്. നായർ എറണാകുളം അഡീഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴി രേഖപ്പെടുത്തിയില്ലെന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ ഹൈക്കോടതി വിജിലൻസ് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; അതിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ;

(ബി) ശ്രീമതി സരിത എസ്. നായർ നല്കിയ 22 പേജുള്ള പരാതി തന്റെ പക്കൽ ഉണ്ടെന്ന വിവരം സരിതയുടെ അഭിഭാഷകനായ അഡ്വക്കേറ്റ് ഫെനി ബാലകൃഷ്ണൻ വെളിപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ; തൽസമയം പ്രസ്തുത പരാതി എന്താണെന്നറിയാനോ, കൈവശപ്പെടുത്താനോ, അന്വേഷണസംഘമോ സർക്കാരോ ശ്രമം നടത്തുകയുണ്ടായോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ജയിൽ വരുമാനം</u>

299 ശ്രീ.കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ജയിൽ വരുമാനത്തിൽ നാളിതുവരെ എത്രമാത്രം പുരോഗതിയാണ് കൈവരിച്ചിട്ടുളളത്;

(ബി) ഈ വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുളളത്;

(സി) ഭക്ഷണസാധനങ്ങൾ ഉൾപ്പെടെയുളള ജയിൽ ഉല്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുളളത്?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജയിൽ തടവുകാർക്കുള്ള നിയമ വ്യവസ്ഥകൾ</u>

300 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ.കെ.ബാലൻ
,, എളമരം കരീം
ശ്രീമതി കെ.എസ്. സലീഖ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് നിയമാനുസൃതം നിഷേധിക്കപ്പെട്ട മനുഷ്യാവകാശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) റിമാന്റ് തടവുകാരന് ജയിലിലോ ജയിലിന് പുറത്തോ കോടതി പരിസരത്തോ ആശുപത്രിയിലോ അധികൃതരുടെ സാന്നിദ്ധ്യത്തിൽ ഭാര്യയേയോ മറ്റ് ഉറ്റ ബന്ധുക്കളേയോ കാണുന്നുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ശ്രീ.പി.മോഹനൻ എന്ന റിമാന്റ് തടവുകാരനെ ആശുപത്രിയിൽ കൊണ്ടുപോകവേ ഭക്ഷണശാലയിൽ കയറിയപ്പോൾ നിയമസഭാംഗം കൂടിയായ ഭാര്യ നേരിൽകണ്ട് സംസാരിച്ചിതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായ നിയമ ലംഘനം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജനപ്രതിനിധികളുടെ ജയിൽ സന്ദർശന നിയമങ്ങൾ

301 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകൾ സന്ദർശിക്കുന്നതിന് മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് നിയന്ത്രണമേർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് നിയമ വ്യവസ്ഥകൾ പ്രകാരമാണെന്ന് വെളിപ്പെടുത്താമോ:

(ബി) ജയിലുകളിലെ തടവുകാരെ ഫോണിൽ വിളിക്കാൻ മാദ്ധ്യമ പ്രവർത്തകർക്ക് അവകാശമുണ്ടോ; എങ്കിൽ ഇത് നിയന്തിക്കാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ അതിന് സാവകാശം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ശിക്ഷിക്കപ്പെട്ടതോ, റിമാന്റിൽ കഴിയുന്നതോ ആയ ഏതെങ്കിലും തടവുകാരനെ ഫോണിൽ വിളിച്ചതിന് ഏതെങ്കിലും മാധ്യമ പ്രവർത്തകനോ, മന്ത്രിക്കോ, മന്ത്രി പദവിയുലുളള ആർക്കെങ്കിലുമോ എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ, എങ്കിൽ വിശദമാക്കാമോ; നിലവുലുളള കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജയിലുകളുടെ പരിസരത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ

302 ശ്രീ.എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിശ്ചിത ദൂരം പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലാ ജയിലിനടുത്ത് പ്രസ്തുത വ്യവസ്ഥയും നിശ്ചിത ദൂരവും പാലിക്കാതെ നിർമ്മിക്കപ്പെട്ട എത്ര കെട്ടിടങ്ങൾ ഉണ്ട്; ഇവ നിർമ്മിച്ചത് ജയിൽ വകുപ്പ് അധികൃതരുടെ അറിവോടുകൂടിയാണോ; എങ്കിൽ എപ്പോൾ;

(സി) ജയിലിലെ തടവുകാരെ വീക്ഷിക്കാനും, തടവുകാർ അറിയാതെ ഫോട്ടോ എടുക്കാനും പ്രസ്തുത കെട്ടിടത്തിൽ നിന്ന് സാദ്ധ്യമാണോ; അത്തരത്തിൽ ഏതെങ്കിലും റിപ്പോർട്ടുകളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; അതേക്കുറിച്ച് പരിശോധിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വിചാരണ തടവുകാരെ സംബന്ധിച്ച വിവരം

303 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ വിചാരണ തടവുകാരായി കഴിയുന്നവരെ കൊടുംകുറ്റവാളികളായി കരുതുന്നുണ്ടോ; ഏതെങ്കിലും ജയിലിൽ റിമാന്റ് തടവുകാരെ ശിക്ഷിക്കപ്പെട്ട തടവുകാരുടെ സെല്ലിൽ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത് നിയമാനുസൃതമായ നടപടിയാണോ; ഇതിനിടയായ സാഹചര്യം എന്താണ്;

(ബി) സംസ്ഥാനത്തെ ജയിലുകളിൽ ഉള്ള മൊത്തം തടവുകാർ എത്ര; ശിക്ഷിക്കപ്പെട്ട തടവുകാർ എത്ര; റിമാന്റ് തടവുകാർ എത്ര;

(സി) തടവുകാരുടെ എണ്ണത്തിന് അനുസൃതമായിട്ടുള്ള ജയിൽ ജീവനക്കാർ സംസ്ഥാനത്തുണ്ടോ; ഇല്ലെങ്കിൽ കുറവ് എത്ര; പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജയിലിലെ തസ്തികകളും നിയമനങ്ങളും</u>

304 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളിലെ തസ്തികകൾ ഏതെല്ലാമെന്നും ഓരോ തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ തസ്തികകളിലേയ്ക്കും അവസാനമായി പി.എസ്.സി. നിയമനം നടന്നതെന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) ജയിൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എല്ലാ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളും പി.എസ്.സി. വഴിയാണോ നടക്കുന്നതെന്നും അല്ലെങ്കിൽ നിയമനം നടത്തുന്നതിനുള്ള നിലവിലെ സംവിധാനം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) ജയിലുകളിലെ വിവിധ തസ്തികകളിൽ നിയമിതരായവരുടെ ജാതിതിരിച്ച ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഭീകര സംഘടനകളുമായി ബന്ധം ഉണ്ടായിരുന്ന തടവുകാർ

305 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭീകര സംഘടനകളുമായി ബന്ധം ഉണ്ടായിരുന്ന എത്ര തടവുകാർ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉണ്ടായിരുന്നു; പ്രസ്തുത തടവുകാർ ഇപ്പോൾ എവിടെയാണ്;

(ബി) സെൻട്രൽ ജയിലിൽ തടവിൽ കഴിയുന്ന അവസരത്തിൽ അവർക്ക് സഹായങ്ങൾ നൽകിയിരുന്ന വ്യക്തികളും സംഘടനകളും ആരൊക്കെയായിരുന്നു;

(സി) പൂജപ്പുര സെൻട്രൽ ജയിലിലെ ഭീകരബന്ധമുള്ള തടവുകാരെ സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഭീകരരായ തടവുകാർക്ക് സഹായങ്ങൾ എത്തിച്ചവർക്കെതിരെ ഇന്റലിജൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ജയിലിലെ ഫോൺ വിളി

306 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി അഴിമതി കേസിൽ ശിക്ഷിച്ചതിനെതുടർന്ന് തിരുവനന്തപുരത്തെ പൂജപ്പുര സെട്രൽ ജയിലിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള എത്ര ദിവസം കിടന്നിരുന്നു;

(ബി) പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞ കാലയളവിൽ അദ്ദേഹം നിയമവിരുദ്ധമായി ഫോൺ ഉപയോഗിക്കുകയുണ്ടായോ; ഏതൊക്കെ ഫോൺ എത്ര ദിവസം ഉപയോഗിച്ചു; ഏതൊക്കെ ഫോണിൽ നിന്ന് എത്ര കാളുകൾ വിളിക്കുകയുണ്ടായി; ഇതേ സമയം എത്ര കാളുകൾ അദ്ദേഹത്തിന്റെ ഫോണിലേക്ക് വന്നു; വിളിച്ചവരിൽ മന്ത്രി പദവിയിലുണ്ടായിരുന്നവർ ആരൊക്കെയായിരുന്നു; ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു;

(സി) ഈ കാലയളവിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഉപയോഗിച്ച ഫോൺ ജയിലിൽ എത്തിച്ചു കൊടുത്തത് ആരായിരുന്നുവെന്ന് അന്വേഷിക്കുകയുണ്ടായോ;

(ഡി) ഫോൺ ചെയ്യുന്നതിനും ഫോൺ എത്തിച്ചു കൊടുക്കുന്നതിനും സഹായിച്ചതിന് ആർക്കെല്ലാം എതിരെ കേസുണ്ട്; അന്വേഷണം നടത്തുകയുണ്ടായി;

(ഇ) തടവിൽ കഴിയുന്ന ഒരാളെ ഫോണിൽ വിളിക്കുന്നതിന് മന്ത്രി പദവിയിലുള്ളവർക്ക് അവകാശം ഉണ്ടായിരുന്നുവോ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലാ ജയിലിൽ സന്ദർശനം നടത്തിയവർ</u>

307 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബർ 4 ന് കോഴിക്കോട് ജില്ലാ ജയിലിൽ സന്ദർശനം നടത്തിയവർ ആരൊക്കെയാണ്;

(ബി) ജയിലിൽ പ്രവേശിക്കാൻ മുൻകൂട്ടി അനുമതി വാങ്ങാതെ ആരെങ്കിലും ജയിലിൽ പ്രവേശിക്കുകയുണ്ടായോ; എങ്കിൽ ആ വ്യക്തി ആരായിരുന്നു;

(സി) അനുവാദമില്ലാതെ ജയിലിനകത്ത് പ്രവേശിച്ചാൽ അങ്ങനെയുള്ള വ്യക്തിക്കെതിരെ സ്വീകരിക്കേണ്ട നിയമാനുസൃതമായ നടപടി എന്താണ്; പ്രസ്തുത വ്യക്തിയ്ക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജയിലിലെ ഫേസ്ബുക്ക് വിവാദം

308 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ജയിലിലെ വിചാരണ തടവുകാരായ ചിലരുമായി ബന്ധപ്പെട്ട് ഉണ്ടായ ഫേസ് ബുക്ക് വിവാദത്തിന് പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) വിചാരണ തടവുകാരിൽ ആരെങ്കിലും ജയിലിൽ ഫേസ്ബുക്ക് ഉപയോഗിച്ചതിന് കൃത്യമായ തെളിവുകൾ ലഭ്യമായിട്ടുണ്ടോ;

(സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ വിചാരണ തടവുകാർക്ക് ജയിലിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നോ;

(ഡി) ജയിലുകൾ നരകതുല്യമായിരിക്കണമെന്ന് ഏതെങ്കിലും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; റിമാന്റ് തടവുകാർക്ക് ജയിലുകളിൽ അവർ കൊണ്ടുവരുന്ന വസ്ത്രങ്ങൾ ധരിക്കാമോ; ഏതെല്ലാം നിലയിലുള്ള തടവുകാരാണ് ജയിൽ വസ്ത്രങ്ങൾ തന്നെ ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഇ) റിമാന്റ് തടവുകാരനായ കിർമാണി മനോജിന്റെ സിംകാർഡുമായി ബന്ധപ്പെട്ട വിവാദം സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഫേസ്ബുക്ക് വിവാദവും സിംകാർഡ് വിവാദവും സംബന്ധിച്ച അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ്?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലാ ജയിലിൽ സ്ഥാപിക്കപ്പെട്ട നിരീക്ഷണ ക്യാമറകൾ</u>

309 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ജയിലിനുളളിലെ 31 ക്യാമറകൾ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ജയിലിൽ നിന്നും മാറ്റി എന്ന ഒരു വിഭാഗം മാദ്ധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) ജയിലിൽ സ്ഥാപിക്കപ്പെട്ട 31 നിരീക്ഷണ ക്യാമറകൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് മാറ്റുകയുണ്ടായിട്ടുണ്ടോ; എങ്കിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജയിലിൽ എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു; അവ ഇപ്പോഴും ജയിലിനകത്തുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

ജയിലുകളിൽനിന്നും തടവുകാർ മൊബൈൽ ഫോണിൽ സംസാരിച്ച സംഭവങ്ങൾ

310 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ വരെ ജയിലുകളിൽനിന്നും മൊബൈൽ ഫോൺ കണ്ടെത്തുകയോ മൊബൈൽ ഫോണിൽ തടവുകാർ സംസാരിച്ചതോ ആയിട്ടുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത് ഏതൊക്കെയാണ്;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഏതെല്ലാം കേസുകളിൽ പ്രസ്തുത ജയിലിലെ ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി; വിശദമാക്കാമോ;

(സി) പൂജപ്പുര സെൻട്രൽ ജയിലിൽനിന്നും വിദേശത്തേയ്ക്ക് ഫോണിൽ ബന്ധപ്പെട്ടുവെന്ന തടിയന്റവിട നസീർ എന്ന തടവുകാരന്റെ നടപടി സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നുവോ; അതേ തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജയിൽ തടവുകാരുടെ മൊബൈൽ ഫോൺ ഉപയോഗം

311 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തിയ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഏതെല്ലാം ജയിലുകളിൽ ഏതെല്ലാം തടവുകാരിൽനിന്നും മൊബൈൽ ഫോൺ കണ്ടെടുക്കുകയുണ്ടായി; ഇവരിൽ വിചാരണ തടവുകാർ ആരൊക്കെ; കോടതി ശിക്ഷിച്ച് തടവിൽ കഴിഞ്ഞുവരുന്നവർ ആരൊക്കെ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലെ തടവുകാർ മൊബൈൽ ഫോണിൽ സംസാരിച്ചതായി അന്വേഷണത്തിൽ തെളിയുകയുണ്ടായി; വിശദമാക്കാമോ;

(ഡി) തടവിൽ കഴിയുന്നവർ ഫോൺ വിളിച്ചതിന്റെ പേരിൽ പൂജപ്പുര സെൻട്രൽ ജയിലിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുകയുണ്ടായി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ ഫോൺ ഉപയോഗം തടയാൻ നടപടി</u>

312 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഫോൺ ഉപയോഗിച്ച എത്ര കേസുകളാണ് നിലവിലുള്ളത്; ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ജയിലുകളിലെ ഫോൺ ഉപയോഗം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജയിലിനുള്ളിലെ മൊബൈൽ ഫോൺ ഉപയോഗം തടയാൻ നടപടി</u>

313 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിൽ അന്തേവാസികൾക്ക് മൊബൈൽ ഫോണുകൾ ഉൾപ്പെടെയുള്ള സാമഗ്രികൾ എത്തിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>വിചാരണ തടവുകാർക്ക് ചികിത്സ</u>

314 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ കേസ്സിൽ പ്രതിയായ ശ്രീ. പി. മോഹനൻ മാസ്റ്ററെ കോഴിക്കോട് ജില്ലാ ജയിലിൽനിന്നും എത്ര തവണ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കായും മെഡിക്കൽ പരിശോധനയ്ക്കായും കൊണ്ടുപോയിട്ടുണ്ട്;

(ബി) അദ്ദേഹത്തെ എത്ര ദിവസം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത് ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സിച്ചിട്ടുണ്ട്;

(സി) രോഗികളായ തടവുകാരെ ചികിത്സയ്ക്കായി കൊണ്ടുപോകുമ്പോൾ ബന്ധുക്കളെയോ കുടുംബാംഗങ്ങളെയോ കാണുവാൻ അനുവദിക്കരുതെന്ന് ജയിൽ ചട്ടങ്ങളിൽ നിബന്ധനകളുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി ശ്രീ. പി. മോഹനൻ മാസ്റ്ററെ ഏതെങ്കിലും കുടുംബാംഗം കണ്ടതായി രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) അദ്ദേഹത്തെ ചികിത്സയക്ക് കൊണ്ടുപോയതുമായി ബന്ധപ്പെട്ട സംഭവത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അവർ ചട്ടവിരുദ്ധമായി എന്താണ് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വിചാരണത്തടവുകാരെ ബന്ധുക്കള്‍ ജയിലിന് പുറത്തുവച്ച് സന്ദര്‍ശിക്കുന്നതിലെ ചട്ടലംഘനം</u>

315 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടി. പി. ചന്ദ്രശേഖരന്‍ വധക്കേസില്‍ കോഴിക്കോട് ജയിലില്‍ കഴിയുന്ന വിചാരണത്തടവുകാരനായ ശ്രീ. പി.മോഹനന്‍ മാസ്റ്റര്‍ ആശുപത്രിയില്‍ പോകുന്ന വഴി അദ്ദേഹത്തിന്റെ ഭാര്യ സന്ദര്‍ശിച്ചതില്‍ ജയില്‍ ചട്ടങ്ങളുടെ ലംഘനമുണ്ടോ; ഉണ്ടെങ്കില്‍ ആയത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര ജയില്‍ വാര്‍ഡന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; സസ്പെന്‍ഷനുള്ള കാരണമെന്തായിരുന്നു ;

(സി) വിചാരണത്തടവുകാരെ ബന്ധുക്കള്‍ക്ക് പുറത്തുവച്ച് സന്ദര്‍ശിക്കുന്നതിനോ, സംസാരിക്കുന്നതിനോ വിലക്കുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള മാധ്യമ വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിരുന്നോ ;

(ഇ) പ്രസ്തുത സംഭവം അന്വേഷിക്കാന്‍ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ ; എങ്കില്‍ ആരെ ;

(എഫ്) അന്വേഷണം പൂര്‍ത്തിയാക്കി റിപ്പോര്‍ട്ട് സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ജി) ഈ റിപ്പോര്‍ട്ടിന്മേല്‍ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസിലെ പ്രതി ജയിൽ അധികൃതർ മുഖേന നൽകിയ മൊഴി</u>

316 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി ശ്രീമതി സരിത നായർ, പത്തനംതിട്ട ജയിലിൽ കഴിയുമ്പോൾ ജയിൽ അധികൃതർ മുഖേന അഡ്വക്കേറ്റ് ഫെനി ബാലകൃഷ്ണന് കോടതിയിൽ സമർപ്പിക്കുന്നതിനായി 22 പേജുള്ള ഒരു രേഖ കൈമാറിയിട്ടുള്ളതായി ജയിലിൽ സൂക്ഷിക്കപ്പെട്ട രേഖകളുടെയടിസ്ഥാനത്തിൽ അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത രേഖ കൈവശപ്പെടുത്താനും അതു വഴി അന്വേഷണം നീക്കുവാനും സാധ്യമായിട്ടുണ്ടോ; പ്രസ്തുത രേഖ കൈവശപ്പെടുത്താൻ യഥാസമയം അന്വേഷണ സംഘം തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) അന്വേഷണം നടക്കുന്ന ഘട്ടത്തിൽ, അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിൽ കഴിയുന്ന പ്രധാന പ്രതി ഇത്രയധികം പേജുകളിൽ വെളിപ്പെടുത്തിയ വിവരങ്ങൾ ഉടൻ കസ്റ്റഡിയിലെടുത്ത് അന്വേഷണത്തിന്റെ ഭാഗമാക്കാൻ അന്വേഷണ സംഘം തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; അവയിലെ വിശദവിവരങ്ങൾ സംബന്ധിച്ച് തൽസമയം ശ്രീമതി സരിതയുടെ അഡ്വക്കേറ്റിനെ ചോദ്യം ചെയ്തു ശേഖരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജയിൽ ഡി.ഐ.ജി.യുടെ അട്ടക്കുളങ്ങര സബ്ജയിൽ സന്ദർശനം

317 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ അട്ടക്കുളങ്ങര സബ് ജയിലിൽ കഴിയുകയായിരുന്ന സോളാർ തട്ടിപ്പ് കേസ് പ്രതി ശ്രീമതി സരിതയുമായി 27.7.2013 ന് ജയിൽ ഡി.ഐ.ജി. എപ്പോഴെങ്കിലും ജയിലിൽ വച്ച് നേരിൽ സംസാരിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) സംസാരിച്ച വിഷയം എന്തായിരുന്നു എന്ന് അറിയിക്കുമോ;

(സി) സന്ദർശന വേളയിൽ സരിത പറഞ്ഞ കാര്യങ്ങളും ജയിൽ ഡി.ഐ.ജി നൽകിയ നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അട്ടക്കുളങ്ങര വനിതാ ജയിലിൽ ശ്രീമതി സരിതയെ സന്ദർശിച്ചവർ</u>

318 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടക്കുളങ്ങര വനിതാ ജയിലിൽ സോളാർ തട്ടിപ്പുകേസിലെ പ്രതി ശ്രീമതി സരിതയെ പ്രവേശിപ്പിച്ചതിനു ശേഷം ടിയാളെ സന്ദർശിച്ചവർ ആരൊക്കെയായിരുന്നു; ജയിൽ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജയിൽ സന്ദർശിച്ചവരിൽ മൊബൈൽ ഫോണുമായി പ്രവേശിക്കപ്പെട്ടവർ ആരൊക്കെ;

(സി) ശ്രീമതി സരിത ജയിലിൽ ഉള്ള കാലത്തിനിടയിൽ ടിയാളെ ഉൾപ്പെടെ കാണാൻ ജയിൽ സന്ദർശിച്ചവരുടെ പേര് വിവരങ്ങൾ വിശദമാക്കാമോ; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സമയങ്ങളിലായിരുന്നു സന്ദർശനം എന്നറിയിക്കുമോ;

(ഡി) ജയിലിലെ ഏതെങ്കിലും രേഖയിൽ ആരുടെയെങ്കിലും ജയിൽ സന്ദർശനവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ കാലയളവിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?